2023
AUGUST
26
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



# 1,300 കോടി കൂടി കടമെടുക്കാൻ കേരളം

**തിരുവനന്തപുരം:** ഓണച്ചെലവുകൾക്ക് പണം തികയാതെ വന്നതിനാൽ 1,300 കോടി രൂപ കൂടി കടമെടുക്കാൻ സർക്കാർ തീരുമാനിച്ചു. 29നാണ് റിസർവ് ബാങ്ക് വഴിയുള്ള കടമെടുപ്പ്. ഇതോടെ സർക്കാരിന്റെ ഈ വർഷത്തെ കടമെടുപ്പ് 19,800 കോടിയാകും. കടമെടുക്കാൻ ഈ വർഷം കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്നത് 20,521 കോടിയാണ്.




പിന്നീടുള്ള 7 മാസത്തേക്ക് കടമെടുക്കാൻ ബാക്കിയുള്ളത് വെറും 721 കോടി രൂപ. 9,000 കോടി രൂപയെങ്കിലും അധികം കടമെടുക്കാൻ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. ഇതും ക്ഷേമ പെൻഷൻ അടക്കം വിവിധ ഇനങ്ങളിൽ സർക്കാരിനു കേന്ദ്രത്തിൽ നിന്നു ലഭിക്കാനുള്ള കുടിശികയും കിട്ടുമെന്ന പ്രതീക്ഷയുണ്ട്. ഓണച്ചെലവുകൾക്കു മാത്രം 4,300 കോടി രൂപയാണ് സർക്കാർ വായ്പയെടുത്തത്.

## മാനന്തവാടിയിൽ ജീപ്പ് കൊക്കയിലേക്ക് മറിഞ്ഞ് വൻഅപകടം; 9 പേർ മരിച്ചു

**മാനന്തവാടി:** തേയിലത്തോട്ടത്തിലെ തൊഴിലാളികളുമായി പോയ ജീപ്പ് താഴ്ചയിലേക്കു മറിഞ്ഞ് ഒൻപതു പേർ മരിച്ചു. മൂന്നുപേരുടെ നില അതീവ ഗുരുതരമാണ്. മക്കി മല എസ്റ്റേറ്റിലെ തൊഴിലാളികളാണ് മരിച്ചത്. ഇതിൽ റാണി, ശാന്ത, ചിന്നമ്മ, ലീല, റാബിയ, ഉമാദേവി, ഷാജ എന്നിവരെ തിരിച്ചറിഞ്ഞിട്ടുണ്ട്.

മാനന്തവാടി തലപ്പുഴ കണ്ണോത്ത് മലയ്ക്കു സമീപം വൈകിട്ട് മൂന്നരയോടെയായിരുന്നു അപകടം. 12 പേർ ജീപ്പിലുണ്ടായിരുന്നതായാണ് വിവരം. കമ്പമല ശ്രീലങ്കൻ അഭയാർഥി ക്യാംപിൽ താമസിക്കുന്നവരുൾപ്പെടെയാണ് അപകടത്തിൽപ്പെട്ടത്. കണ്ണോത്ത് മല ഭാഗത്തുനിന്ന് തലപ്പുഴ റോഡിലേക്ക് ഇറങ്ങി വന്ന ജീപ്പ് കണ്ണോത്തുമല ബസ് വെയിറ്റിങ് ഷെഡിന് സമീപം കൊടുംവളവിൽ ചെങ്കുത്തായ താഴ്ചയിലേക്കു മറിയുകയായിരുന്നു. വാഹനം പൂർണമായി തകർന്നു.

രക്ഷാപ്രവർത്തനത്തിന് എത്തിയ നാട്ടുകാർ കയറുകെട്ടിയാണ് താഴേക്കിറങ്ങിയത്. അപകടത്തിൽപെട്ട പലരും സംഭവസ്ഥലത്തുതന്നെ മരിച്ചുവെന്ന് നാട്ടുകാർ പറഞ്ഞു. പരുക്കേറ്റവരെ മാനന്തവാടി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## മധുര സ്റ്റേഷനിൽ നിർത്തിയിട്ടിരുന്ന ട്രെയിനിന്റെ കോച്ചിൽ തീപിടിത്തം; 8 പേർ മരിച്ചു

**മധുര:** മധുര റെയിൽവേ സ്റ്റേഷനിൽ നിർത്തിയിട്ടിരുന്ന ട്രെയിൻ കോച്ചിന് തീപിടിച്ച് 10 പേർ മരിച്ചു. ഉത്തർപ്രദേശിൽനിന്നുള്ള ടൂറിസ്റ്റ് സംഘം സഞ്ചരിച്ചിരുന്ന പ്രത്യേക കോച്ച് മധുരയിൽ നിർത്തിയപ്പോഴാണ് തീപിടിത്തമുണ്ടായത്. രണ്ടു സ്ത്രീകളടക്കം എട്ടു പേരുടെ മൃതദേഹങ്ങളാണ് കണ്ടെടുത്തത്. മരണസംഖ്യ ഉയരുമെന്ന് ആശങ്കയുണ്ട്. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബത്തിന് സതേൺ റെയിൽവേ 10 ലക്ഷം രൂപ സഹായധനം പ്രഖ്യാപിച്ചു. മരിച്ചവരെല്ലാം ഉത്തർപ്രദേശ് സ്വദേശികളാണ്. അപകടത്തിൽ പരുക്കേറ്റവരുടെയും മറ്റു ആളപായങ്ങളുടെയും വിശദാംശങ്ങൾ അറിവായിട്ടില്ല. പുലർച്ചെയാണ് തീപിടിത്തമുണ്ടായത്. സിലിണ്ടർ പൊട്ടിത്തെറിച്ചാണ് തീ പടർന്നതെന്നാണ് പ്രാഥമിക വിവരം. മധുര റെയിൽവേ സ്റ്റേഷനിൽ നിന്ന് ഒരു കിലോമീറ്റർ അകലെയാണ് ടൂറിസ്റ്റ് ട്രെയിൻ നിർത്തിയത്. ഇതിൽ വിനോദസഞ്ചാരികളിൽ ചിലർ പുലർച്ചെ ചായ ഉണ്ടാക്കാൻ ശ്രമിച്ചപ്പോൾ സിലിണ്ടർ പൊട്ടിത്തെറിക്കുകയായിരുന്നു. മധുര കളക്ടർ സംഗീതയും റെയിൽവേ ഡിവിഷണൽ മാനേജരും ട്രെയിൻ അപകടസ്ഥലത്ത് അന്വേഷണം നടത്തിവരികയാണ്.

പുലർച്ചെ 5.15നാണ് അപകടമുണ്ടായതെന്ന് അധികൃതർ അറിയിച്ചു. വിവരമറിയിച്ചതിനെ തുടർന്ന് 5.45ഓടെ അഗ്നിരക്ഷാസേന എത്തി. 7.15നാണ് തീ പൂർണമായും അണയ്ക്കാൻ കഴിഞ്ഞത്. 16730 പുനലൂർമധുര എക്സ്പ്രസിൽ നാഗർകോവിലിൽനിന്നാണ് സ്വകാര്യ കോച്ച് മധുരയിലെത്തിയത്. അവിടെ മറ്റൊരു ലൈനിലേക്കു മാറ്റിയിട്ടിരിക്കുകയായിരുന്നു. ഈ കോച്ചിൽ അനധികൃതമായി കൊണ്ടുവന്ന പാചകവാതക സിലിണ്ടർ പൊട്ടിത്തെറിച്ചതാണ് അപകടകാരണമെന്ന് അധികൃതർ പറയുന്നു. തീ പടരുന്നതു കണ്ടതോടെ നിരവധി യാത്രക്കാർ കോച്ചിൽനിന്നു പുറത്തുചാടിയിരുന്നു.

ഓഗസ്റ്റ് 17നാണ് ലക്നൗവിൽനിന്നു സംഘം യാത്ര ആരംഭിച്ചത്. നാളെ കൊല്ലംചെന്നൈ എഗ്മോർ എക്സ്പ്രസിൽ ചെന്നൈയിലേക്കു പോകാനിരിക്കെയാണ് അപകടമുണ്ടായത്. ചെന്നൈയിൽനിന്ന് ലക്നൗവിലേക്കു മടങ്ങാനായിരുന്നു പരിപാടി. ഐആർസിടിസി വഴിയാണ് ഇത്തരത്തിൽ സ്വകാര്യ സംഘങ്ങൾ കോച്ച് ബുക്ക് ചെയ്തു യാത്ര നടത്തുന്നത്.

## യുപിഐ ലൈറ്റ് പരിധി 500 രൂപ

**ന്യൂഡൽഹി:** യുപിഐ ലൈറ്റ് വഴി ഒരിടപാടിൽ 500 രൂപ വരെ അയയ്ക്കാനുള്ള സൗകര്യം ഏതാനും ദിവസങ്ങൾക്കുള്ളിൽ ലഭ്യമായിത്തുടങ്ങും.

നിലവിലെ പരിധിയായ 200 രൂപ 500 രൂപയാക്കി വർധിപ്പിച്ച് റിസർവ് ബാങ്ക് ഇന്നലെ ഉത്തരവിറക്കി. പിൻ നമ്പർ നൽകാതെ അതിവേഗം പണമിടപാട് നടത്താൻ കഴിയുന്നതാണ് യുപിഐ ലൈറ്റ് സംവിധാനം.

ഗൂഗിൾപേ, പേയ്ടിഎം, ഫോൺപേ, ഭീം അടക്കമുള്ള യുപിഐ ആപ്പുകളിൽ മാറ്റം വൈകാതെ പ്രതിഫലിക്കും. യുപഐ സെർവർ തകരാറും വേഗക്കുറവും യുപിഐ ലൈറ്റ് ഇൗടപാടുകളെ ബാധിക്കില്ലെന്നതാണ് പ്രധാന മെച്ചം.



# നദികളിലെ ജലനിരപ്പ് താഴേക്ക്; അൾട്രാ വയലറ്റ് വികിരണ തോത് ഉയരുന്നു

**പത്തനംതിട്ട:** ഓഗസ്റ്റിൽ ഇതുവരെ കാര്യമായ മഴ പെയ്യാതിരിക്കുകയും ചിങ്ങച്ചൂട് അസാധാരണമായി ഉയരുകയും ചെയ്തതോടെ പ്രധാന നദികളിലെ ജലനിരപ്പ് ആശങ്കാജനകമാംവിധം താഴുന്നതായി കേന്ദ്ര ജലകമ്മിഷൻ.



പമ്പാനദിയിലെ മാലക്കര സ്റ്റേഷനിൽ കരയോടു ചേർന്നു നിൽക്കുന്ന ജലമാപിനിയിൽ ഈ സീസണിൽ ഇതാദ്യമായി ജലനിരപ്പ് കഴിഞ്ഞ ദിവസം പൂജ്യത്തിനും താഴേക്കു പോയി. സ്കെയിലിൽ രേഖപ്പെടുത്തിയ ജലനിരപ്പ് മൈനസ് 0.08 സെന്റീമീറ്റർ. ഇന്നലെ ഇത് അൽപം മെച്ചപ്പെട്ടെങ്കിലും പൂജ്യത്തിൽ തുടരുകയാണ്. സ്ഥിതി തുടർന്നാൽ പല ജലവിതരണ പദ്ധതികളുടെയും ടാങ്കിലേക്കുള്ള വെള്ളത്തിന്റെ വലിച്ചെടുക്കൽ കുറയാൻ സാധ്യതയുണ്ടെന്ന് ഈ രംഗത്തെ വിദഗ്ധർ പറയുന്നു. നദിയുടെ അടിത്തട്ടും ജലനിരപ്പും ക്രമാതീതമായി താഴുന്നത് കടൽ നിരപ്പിൽ നിന്നുള്ള ഉപ്പുവെള്ളത്തിന്റെ കടന്നുവരവിനു പ്രേരകമാവും. നദിയുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങൾക്കും വെള്ളക്കുറവു തടസ്സം സൃഷ്ടിക്കും.

പമ്പയിലെ ജലനിരപ്പ് താഴുന്ന പ്രവണതയാണ് കണ്ടുവരുന്നതെന്നും ജല കമ്മിഷൻ വിശദീകരിച്ചു. സംസ്ഥാനത്തെ വിവിധ നദികളിൽ കമ്മിഷൻ നിരീക്ഷണം നടത്തുന്ന 38 സ്റ്റേഷനുകളിൽ മാലക്കരയിൽ മാത്രമാണ് ജലനിരപ്പ് മൈനസ് രേഖപ്പെടുത്തിയത്. ഇത് അസാധാരണ സാഹചര്യമാണ്.

മണിമലയാറ്റിലെ കല്ലൂപ്പാറ മാപിനിയിൽ 1.88 മീറ്ററും അച്ചൻകോവിലാറ്റിലെ തുമ്പമൺ മാപിനിയിൽ 6 മീറ്ററും ജലമുള്ളതിനാൽ ഇവിടെ തൽക്കാലം പ്രതിസന്ധിയില്ല. സംസ്ഥാനത്തെ മഴക്കുറവ് 47 ശതമാനവും കടന്ന് 50 നോട് അടുക്കുന്ന സ്ഥിതിയാണ്. സംസ്ഥാനത്തെ താപനിലയും പതിവിലും നാല് ഡിഗ്രി വരെ കൂടുതലാണ്. പത്തനംതിട്ട, കോട്ടയം, കൊല്ലം ഉൾപ്പെടെ പല ജില്ലകളിലും പകൽ താപനില വേനൽക്കാലത്തിനു സമാനമായ 35 36 ഡിഗ്രിയാണ്. തമിഴ്നാട്ടിലെ തിരുനൽവേലിയിലാണ് രാജ്യത്തെ ഏറ്റവും ഉയർന്ന ചൂട് 40 ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തിയത്. വർധിച്ച ചൂട് സ്രോതസ്സുകളിലെ വെള്ളം വളരെവേഗം ബാഷ്പീകരിക്കാൻ കാരണമാകുന്നു.

അൾട്രാ വയലറ്റ് വികിരണ തോത് 13 യൂണിറ്റിനോട് അടുത്താണ്. പത്ത് യൂണിറ്റ് കടന്നാൽ കുട ഉപയോഗിക്കുകയോ ശരീരം മൂടുന്ന വിധത്തിലുള്ള വസ്ത്രം ധരിക്കുകയോ വേണമെന്നാണ് നിർദേശം.ദക്ഷിണായനത്തിന്റെ ഭാഗമായി സൂര്യൻ ഇപ്പോൾ തെക്കൻ ദിശയിൽ സഞ്ചരിക്കുന്നതിനാൽ ഏതാണ്ട് കേരളത്തിനു മീതേ ലംബമായി പതിക്കുന്ന സമയമാണ്. അങ്ങിങ്ങ് നേരിയ മഴയ്ക്കു മാത്രമാണ് തൽക്കാലം സാധ്യത.

# ഉത്തൃട്ടാതി ജലോത്സവത്തിന് ഒരാഴ്ച മാത്രം പമ്പയിൽ ജലനിരപ്പ് താഴുന്നത് ആശങ്ക

**ആറന്മുള :** പമ്പാ നദിയിലെ ജലനിരപ്പ് വൻതോതിൽ കുറഞ്ഞത് കരകളിൽ ആശങ്കയ്ക്കിടയാക്കുന്നു. പ്രസിദ്ധമായ ആറന്മുള ഉത്തൃട്ടാതി ജലോത്സവത്തിന് ഒരാഴ്ച മാത്രം ശേഷിക്കെയാണ് ഈ അവസ്ഥ. വള്ളസദ്യയ്ക്കെത്തുന്ന പള്ളിയോടങ്ങൾ ക്ഷേത്രക്കടവിൽ അടുപ്പിച്ചശേഷം കരക്കാർ പാർഥസാരഥി സന്നിധിയിലേക്ക് എത്തുന്നതാണ് പതിവ്. എന്നാൽ, പമ്പയിലെ ജലനിരപ്പ് വളരെയധികം താഴ്ന്നതിനാൽ വള്ളസദ്യയ്ക്ക് എത്തിയ പള്ളിയോടങ്ങൾ ജവാൻ കടവിൽ കെട്ടിയിടുകയാണിപ്പോൾ. ക്ഷേത്രത്തിലേക്കെത്താൻ കരക്കാർ ആറ്റിലൂടെ നടന്നുവരേണ്ട സ്ഥിതിയാണ്.



മൺപുറ്റ് കാരണം പള്ളിയോടങ്ങളുടെ വരവും പോക്കും പ്രയാസമാകുന്ന സ്ഥിതിയായിരുന്നു ആദ്യംമുതൽ. മഴലഭ്യത കുത്തനെ കുറഞ്ഞതും അപ്രതീക്ഷിതമായിരുന്നു. വള്ളസദ്യയ്ക്കെത്തുന്ന പള്ളിയോടങ്ങളെ നദിയിലിറങ്ങി തള്ളി നീക്കേണ്ട സാഹചര്യവുമുണ്ടായി. ജലോത്സവത്തിന് മുന്നോടിയായി ഇന്നു ചേരുന്ന അവലോകനയോഗത്തിൽ ഈ വിഷയങ്ങൾ പ്രധാന ചർച്ചയായേക്കും. ഡാമിൽനിന്നു വെള്ളമെത്തിച്ച് പരിഹാരം കാണുമെന്ന ജലവിഭവ വകുപ്പിന്റെ വാഗ്ദാനം നിലവിലുണ്ട്. വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ കഴിഞ്ഞ ദിവസം ആറന്മുളയിലെത്തിയിരുന്നു. അനുവദിച്ച ഫണ്ടുപയോഗിച്ച് മൺപുറ്റ് നീക്കുന്നതിന് നടപടിയുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു.

എന്നാൽ, മൺപുറ്റ് നീക്കം ചെയ്യുന്നതിനുള്ള നടപടി കാര്യക്ഷമമല്ലെന്ന ആക്ഷേപമുയർന്നിട്ടുണ്ട്. ജലോത്സവം അരങ്ങേറുന്ന പരപ്പുഴ കടവ് മുതൽ ഒന്നര കിലോമീറ്റർ ഭാഗത്തെ മൺപുറ്റുകളും 14 പള്ളിയോട കടവുകളിലെ മണ്ണും മാറ്റി പള്ളിയോടങ്ങൾക്ക് സുഗമമായ യാത്ര ഒരുക്കുമെന്നായിരുന്നു ജലവിഭവ വകുപ്പ് വ്യക്തമാക്കിയിരുന്നത്. 10.50 ലക്ഷം രൂപയാണ് ഇതിനായി അനുവദിച്ചത്. നടപടി ഇഴയുന്നതിൽ അതൃപ്തി ശക്തമായിട്ടുണ്ട്. നദിയിലെ ജലനിരപ്പ് കുറഞ്ഞതു കാരണം സത്രക്കടവിലും സമീപത്തുമായി കെട്ടിയിട്ടിരുന്ന പള്ളിയോടങ്ങളിൽ നിന്നു കന്നിക്കുമിളകൾ മോഷണം പോകുന്നതും പതിവായി.

## ഫാം ഉത്പന്നങ്ങളുടെ ഹബ്ബ് ആരംഭിക്കാൻ പദ്ധതി

**കൊല്ലം:** ജില്ലാ വെറ്ററിനറി കേന്ദങ്ങളിൽ ഫാം ഫ്രഷ് ഉത്പന്നങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന ഹബ്ബുകൾ ആരംഭിക്കുമെന്ന് മൃഗസംരക്ഷണക്ഷീരവികസനമന്ത്രി ജെ ചിഞ്ചുറാണി. ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നവീകരിച്ച പൂമുറ്റത്തിന്റെയും ഓർഗാനിക് ഡിലൈറ്റ്സ് എന്ന ജൈവ വിപണിയുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ആയൂർ തോട്ടത്തറ സർക്കാർ ഫാമിലെ കോഴി, താറാവ് മുട്ടകൾ, കര്യോട്ടുമല നെയ്യ്, പാൽ, കുരീപ്പുഴ ഫാം ടർക്കി മുട്ടകൾ, ടർക്കി, കാട ഇറച്ചി, ഹാച്ചറി കോഴിക്കുഞ്ഞുങ്ങൾ, കോട്ടുക്കൽ ഫാമിലെ നാടൻ പച്ചക്കറികൾ, മീറ്റ് പ്രോഡക്ട്സ് ഒഫ് ഇന്ത്യ, മിൽമ, കെപ്കോ ഉല്പന്നങ്ങൾ എന്നിവ സർക്കാർ നിരക്കിൽ ഷോപ്പിൽ ലഭ്യമാക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഗോപൻ അധ്യക്ഷനായി. ജില്ലാ മൃഗസംരക്ഷണ ഓഫീസർ എസ് അനിൽകുമാർ ചീഫ് വെറ്ററിനറി ഓഫിസർ ഡി ഷൈൻ കുമാർ, സി പി അനന്തകൃഷ്ണൻ, കൃഷ്ണകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## ഓണസമൃദ്ധി കാർഷികവിപണി

**നെടുമങ്ങാട്:** സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓണം പഴം, പച്ചക്കറി വിപണി ഓണസമൃദ്ധി 2023 നെടുമങ്ങാട് ആരംഭിച്ചു. ഓണസമൃദ്ധിയുടെ ജില്ലാതല ഉദ്ഘാടനം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ നെടുമങ്ങാട് നഗരസഭാ ഓഫീസിന് സമീപമുള്ള ഇക്കോഷോപ്പിൽ നിർവഹിച്ചു. ജൈവകാർഷിക രീതികൾ പിന്തുടർന്ന് ഉത്പാദിപ്പിക്കുന്ന നാടൻ ഉത്പന്നങ്ങളാണ് ഓണസമൃദ്ധി വിപണികളിലൂടെ ലഭ്യമാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ഓണത്തോടനുബന്ധിച്ച് പൊതുജനങ്ങളെ സഹായിക്കുന്നതിനായി സർക്കാർ സംവിധാനങ്ങളെല്ലാം ഉണർവോടെയാണ് പ്രവർത്തിക്കുന്നതെന്നും കർഷകരുടെ പരിശ്രമങ്ങൾക്ക് മതിയായ പ്രചാരണം നൽകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കർഷകരിൽ നിന്ന് വിപണി വിലയേക്കാൾ 10 ശതമാനം കൂടിയ നിരക്കിൽ സംഭരിക്കുന്ന കാർഷിക ഉത്പന്നങ്ങൾ 30 ശതമാനം വരെ കുറഞ്ഞ നിരക്കിലാണ് ഓണവിപണിയിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്.

നെടുമങ്ങാട് നഗരസഭ ചെയർപേഴ്സൺ സി.എസ് ശ്രീജ അധ്യക്ഷയായിരുന്നു. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി.വി, ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എസ്.സുനിത, നെടുമങ്ങാട് നഗരസഭ വൈസ് ചെയർമാൻ എസ്.രവീന്ദ്രൻ, വിവിധ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ അനിൽകുമാർ.എസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

## വൈദ്യുതി സ്മാർട്ട് മീറ്റർ സ്ഥാപിക്കും; ടോട്ടെക്സ് മാതൃക ഒഴിവാക്കും

**നെടുമങ്ങാട്:** വൈദ്യുതി സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചു. കേന്ദ്രം നിർദ്ദേശിച്ചതിൽ നിന്നും വ്യത്യസ്തമായി ചെലവുകുറച്ച് പദ്ധതി നടപ്പാക്കാനുള്ള സാധ്യതയാണ് പരിശോധിക്കുന്നത്. ടോട്ടെക്സ് മാതൃക ഒഴിവാക്കും.

സ്മാർട്ട് മീറ്ററിന്റെ വില, ഹെഡ് എൻഡ് സിസ്റ്റം, മീറ്റർ ഡാറ്റാ മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ സിസ്റ്റം, ക്ലൗഡ് സ്റ്റോറേജ് ചാർജ്ജുകൾ, മറ്റ് സോഫ്റ്റ് വെയർ ടെസ്റ്റിംഗിനും സൈബർ സെക്യൂരിറ്റിക്കുമുള്ള ചാർജ്ജുകൾ, 93 മാസത്തേക്കുള്ള ഓപ്പറേഷൻ ആൻഡ് മെയ്ന്റനൻസ് ചാർജ്ജുകൾ എന്നിവ ഉൾപ്പെടുന്നതാണ് ടോട്ടെക്സ് മാതൃക. ഇതിനായി ചെലവഴിക്കുന്ന തുക 93 പ്രതിമാസ തവണകളായി ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാനാണ് കേന്ദ്രസർക്കാർ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നിശ്ചിത കാലയളവിൽ പരിപാലനവും പ്രവർത്തനവും ഏജൻസിയെ ഏൽപ്പിക്കുന്ന ഈ മാതൃക നടപ്പാക്കുന്നതിതോട് സംസ്ഥാനത്തെ തൊഴിലാളി സംഘടനകൾ ഉൾപ്പെടെ വിയോജിച്ചിരുന്നു.

പുതിയ സംവിധാനത്തിൽ ബില്ലിംഗ്, അനുബന്ധ സേവനങ്ങൾ എന്നിവയ്ക്കുള്ള സോഫ്റ്റ് വെയർ കെഎസ്ഇബിതന്നെ രൂപപ്പെടുത്തും. കെഫോൺ വന്നതോടെ കെഎസ്ഇബിക്ക് സൗജന്യമായി നൽകിയ ഫൈബർ ഒപ്റ്റിക്ക് കേബിൾ ഉപയോഗിച്ച് വിവര വിനിമയം നടത്തും. കെഎസ്ഇബി ഡാറ്റ സെന്റർ ഉപയോഗിച്ച് ഡാറ്റ സ്റ്റോറേജും നടത്താവുന്നതാണ്. പഴയ മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന ജോലി കെ.എസ്.ഇ.ബി ജീവനക്കാർ തന്നെ നടത്തും.

സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും കെഎസ്ഇബിക്ക് ലഭിക്കാനുള്ള കുടിശ്ശിക ഈ വർഷം ഡിസംബറിനുള്ളിൽ നൽകാനാകുമോ എന്ന കാര്യം ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുമായി ആലോചിച്ച് തീരുമാനിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ട സാഹചര്യം ഒഴിവാക്കണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു.

# വാരപ്പെട്ടിയിൽ എഫ്പിഒ പഴം, പച്ചക്കറി സംസ്കരണ കേന്ദ്രം തുടങ്ങി

**കോതമംഗലം:** ഗ്രീൻ കോതമംഗലം ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (എഫ്പിഒ) കൃഷിയിടാധിഷ്ഠിത വികസന പദ്ധതിയുടെ ഭാഗമായി വാരപ്പെട്ടിയിൽ പഴം, പച്ചക്കറി സംസ്കരണ കേന്ദ്രം തുടങ്ങി. ഏത്തക്കായ, പൈനാപ്പിൾ തുടങ്ങി പഴവർഗങ്ങളും പച്ചക്കറികളും കപ്പയും ചക്കയും ന്യായവിലയ്ക്കു കർഷകരിൽ നിന്നു സംഭരിച്ച് ലാഭമില്ലാതെ സംസ്കരണ കേന്ദ്രത്തിൽ നൽകും. സംസ്കരിച്ചെടുത്ത് ഉണങ്ങിയും ഡ്രൈ ഫ്രൂട്ടായും വിൽപനയ്ക്ക് ഒരുക്കിയിട്ടുണ്ട്. ബ്ലോക്കിലെ എല്ലാ പഞ്ചായത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത പദ്ധതിയിൽ ഉൾപ്പെടുന്ന 10 കർഷകരെ വീതം ഉൾപ്പെടുത്തി രൂപീകരിച്ച എഫ്പിഒ കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെയാണു പ്രവർത്തനം.

കൃഷിഭവനകളുടെയും പഞ്ചായത്തുകളുടെയും സഹകരണം ഉറപ്പാക്കി കർഷകരുടെ മേൽനോട്ടത്തിൽ കേന്ദ്രം പ്രവർത്തിക്കും. എല്ലാ കാർഷികോൽപന്നങ്ങളും എഫ്പിഒ വഴി വിറ്റഴിച്ചു കാർഷകരെ സഹായിക്കുകയെന്നതാണു പദ്ധതിയുടെ ലക്ഷ്യം. വാരപ്പെട്ടി ഗ്രീൻനഗർ എഫ്പിഒ ഓഫിസിൽ ആന്റണി ജോൺ എംഎൽഎ കേന്ദ്രം ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് പി.കെ.ചന്ദ്രശേഖരൻ നായർ അധ്യക്ഷനായി. വൈസ് പ്രസിഡന്റ് ബിന്ദു ശശി, അംഗങ്ങളായ എം.എസ്.ബെന്നി, കെ.എം.സെയ്ത്, ദീപ ഷാജു, പ്രിയ സന്തോഷ്, ദിവ്യ സലി, ഷജി ബെസി, കൃഷി ഡപ്യൂട്ടി ഡയറക്ടർ വി.പി. സിന്ധു, കൃഷി അസി. ഡയറക്ടർ ഇൻചാർജ് അമ്പിളി സദാനന്ദൻ, കൃഷി ഓഫിസർ ഇ എം മനോജ്, ആത്മ ജില്ലാ ഗവേണിങ് ബോഡി അംഗം എം.എസ്.അലിയാർ, എഫ്പിഒ പ്രസിഡന്റ് തോമസ് പോൾ, സെക്രട്ടറി സി.കെ.സൈഫുദ്ദീൻ തുടങ്ങിയവർ പ്രസംഗിച്ചു.

# ചെക്ക് പോസ്റ്റുകളിൽ പരിശോധന ശക്തമാക്കി; 24 മണിക്കൂറിനുള്ളിൽ 155 പരിശോധനകൾ

**കുമളി:** 24 മണിക്കൂറിനുള്ളിൽ ചെക്ക്പോസ്റ്റുകളിൽ ആകെ 155 പരിശോധനകൾ നടത്തിയതായി ആരോഗ്യ ഭക്ഷ്യ സുരക്ഷാ മന്ത്രി വീണാ ജോർജ്. പാൽ, പാലുല്പന്നങ്ങളുടെ 130 സർവൈലൻസ് സാമ്പിളുകൾ എന്നിവ പരിശോധനയ്ക്കായി ശേഖരിച്ചു. മത്സ്യ ഇനത്തിൽ 17 സാമ്പിളുകളും പച്ചക്കറികളുടെ 8 സാമ്പിളുകളും സസ്യ എണ്ണയുടെ ഒരു സർവൈലൻസ് സാമ്പിളും ശേഖരിച്ചിട്ടുണ്ട്. പാലിന്റെ 7 സ്റ്റാറ്റ്യൂട്ടറി സാമ്പിളും ശേഖരിച്ചു. വരും ദിവസങ്ങളിലും പരിശോധനകൾ തുടരുമെന്ന് മന്ത്രി വ്യക്തമാക്കി.

രാവിലെ 6 മണിമുതലാണ് രാത്രിയും പകലും തുടർച്ചയായ പരിശോധനകൾ ആരംഭിച്ചത്. കുമളി, പാറശാല, ആര്യൻകാവ്, മീനാക്ഷിപുരം, വാളയാർ ചെക്ക്പോസ്റ്റുകളിൽ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശോധന തുടരുകയാണ്. മായം ചേർക്കാത്ത ഭക്ഷണം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായാണ് ഓണക്കാല വിപണിയിലും ചെക്ക് പോസ്റ്റുകളിലും ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ ശക്തമാക്കിയത്. അയൽ സംസ്ഥാനങ്ങളിൽ നിന്നും ഓണ വിപണിയിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ ശക്തമായ പരിശോധനയാണ് വകുപ്പ് നടപ്പാക്കുന്നത്. അധികമായെത്തുന്ന പാൽ, പാലുല്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാര പരിശോധന തുടരുകയാണ്. ഇതുകൂടാതെ ഓണം വിപണിയിലെ പരിശോധനയും തുടരുന്നു.

# സ്കൂളുകളുടെ സൗകര്യങ്ങൾ വർധിപ്പിക്കുന്നത് തുടരും മന്ത്രി കെ. എൻ. ബാലഗോപാൽ

**തിരുവനന്തപുരം:** സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങളും കെട്ടിടവികസനവും വർധിപ്പിക്കുന്നത് തുടർപ്രക്രിയായി നിലനിറുത്തുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ. കടയ്ക്കോട് എൽ. പി. സ്കൂളിനായി നിർമിക്കുന്ന ബഹുനിലകെട്ടിടത്തിന്റെ നിർമാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

പഠിക്കാനുള്ള എല്ലാ സൗകര്യങ്ങളും സ്കൂളുകളിൽ ഒരുക്കിയിട്ടുണ്ട്. ഇനിയും ആവശ്യമുള്ളവയ്ക്ക് അനുവദിക്കുന്നതിനും തടസ്സമില്ല. ആധുനിക പഠനരീതികളിലേക്കാണ് കുട്ടികളെ നയിക്കുന്നത്. നവശാസ്ത്രനേട്ടങ്ങളും റോബോട്ടിക്സ് പോലെയുള്ള ആധുനികോത്തര സംവിധാനങ്ങളിലേക്കുമാണ് പൊതുവിദ്യാഭ്യാസത്തിന്റെ മികവ് നീളുന്നത്. ഇതുതന്നെയാണ് സർക്കാർ വിദ്യാലയങ്ങൾക്കുള്ള സ്വീകാര്യത വർധിക്കുന്നതിനിടയാക്കുന്നതെന്നും മന്ത്രി പറഞ്ഞു. അടുത്ത ഓണത്തിന് മുമ്പ് പുതിയസൗകര്യങ്ങളോടെ പഠനം തുടരാമെന്ന് അദ്ദേഹം വ്യക്തമാക്കി.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. എസ്. പ്രശോഭ അധ്യക്ഷയായി. വാർഡ് അംഗം പി. എസ്. ഷീജയും മറ്റു ജനപ്രതിനിധികൾ, രക്ഷിതാക്കൾ, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.



# അരൂർ ജലോത്സവം: ഒരുക്കങ്ങൾ പൂർത്തിയായി

**അരൂർ:**കൈതപ്പുഴ കായലിൽ അരൂർ അരൂക്കുറ്റി പാലത്തിനു സമീപം 27ന് നടക്കുന്ന ജലോത്സവത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായി. 27ന് ഒന്നിന് ജലഘോഷയാത്ര ആരംഭിക്കും.2ന് മത്സരങ്ങൾ തുടങ്ങും.22 ഇരുട്ടുകുത്തി വള്ളങ്ങളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. അരൂർ ബോട്ട് ക്ലബ് സംഘടിപ്പിക്കുന്ന രണ്ടാമത്തെ ജലമേളയാണിത്.അരലക്ഷത്തിലേറെ ആളുകൾ ജലമേള കാണാനെത്തുമെന്ന് സംഘാടകർ പറഞ്ഞു. പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജലമേളയ്ക്കു മുന്നോടിയായി ഇന്ന് (വെള്ളി)9ന് അരൂർ ബോട്ട് ക്ലബ് ചെയർമാൻ സി.കെ.ശ്രീശുകൻ പതാക ഉയർത്തും. തുടർന്ന് അരൂർ മാനവീയം വേദിയിൽ നടക്കുന്ന പൂക്കളമത്സരം , വഞ്ചിപ്പാട്ട് മത്സരം എന്നിവ അരൂർ പഞ്ചായത്ത് പ്രസിഡന്റ് രാഖി ആന്റണി ഉദ്ഘാടനം ചെയ്യുന്നു. വൈകിട്ട് 4ന് അരൂർ ക്ഷേത്രം കവലയിൽ നിന്നും അരൂക്കുറ്റി പാലം വരെ വിളംബര ഘോഷയാത്ര നടത്തും.

വാദ്യമേളങ്ങൾ നിശ്ചല ദൃശ്യങ്ങൾ എന്നിവ ഘോഷയാത്രയ്ക്കു കൊഴുപ്പേകും.അരൂക്കുറ്റി ഫെറിയിൽ കുട്ടികളുടെ വിവിധ കലാകായിക മത്സരങ്ങളും ഉണ്ടാകും.നാളെ 10ന് ഓണോത്സവം എ.എസ്. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.കൈകൊട്ടിക്കളി, തിരുവാതിരക്കളി എന്നിവ ഉണ്ടാകും.27ന് നടക്കുന്ന വള്ളംകളി മത്സരം മന്ത്രി വി.എൻ.വാസവൻ ഉദ്ഘാടനം ചെയ്യും. വി.ഡി.സതീശൻ, എ.എം.ആരിഫ് എംപി, ദലീമ ജോജോ എംഎൽഎ , സിംബാവെ ഇന്ത്യാ ട്രേഡ് കമ്മിഷണർ ബൈജു എം.കുമാർ, നമീബിയ ഹൈ കമ്മിഷണർ, ഗബ്രിയേൽ പാണ്ടുറെനി സിനിമ്പോ എന്നിവർ പങ്കെടുക്കും.

സമാപന സമ്മേളനത്തിൽ മന്ത്രി പി.പ്രസാദ് ട്രോഫികൾ വിതരണം ചെയ്യും.ബോട്ട് ക്ലബ് രക്ഷാധികാരി എം.എസ്.അനസ് ഹാജി അധ്യക്ഷനാകും.

# വെള്ളമെല്ലാം വറ്റി; ആശങ്കയോടെ നെൽക്കർഷകർ

**കാവുംമന്ദം:** വെയിൽ കനത്തതോടെ ഉള്ളുരുകുന്ന ആശങ്കയുമായി നെൽക്കർഷകർ. ഓരോ ദിവസം പിന്നിടുമ്പോഴും കൃഷിക്ക് അനുകൂലമായ കാലാവസ്ഥ അകലുന്നതാണു കർഷകരെ! ആശങ്കയിലാക്കുന്നത്. വയലുകൾ വറ്റിവരണ്ട നിലയിലായതോടെ മിക്കയിടങ്ങളിലും നടാൻ തയാറാക്കിയ നെൽച്ചെടികൾ നശിക്കുന്ന അവസ്ഥയായി. കുളങ്ങളിൽ നിന്നും മറ്റ് ജലാശയങ്ങളിൽ നിന്നും മോട്ടർ ഉപയോഗിച്ചു വെള്ളം എത്തിച്ചാണു കഴിഞ്ഞ ദിവസം കാവുംമന്ദത്തെ വയലിൽ കൃഷിയിടം ഒരുക്കിയത്. എന്നാൽ കനത്ത വെയിൽ തുടർന്നതോടെ വയലി!ൽ എത്തിച്ച വെള്ളം പൂർണമായും വറ്റിയ നിലയിലായി. വെള്ളം എടുത്തതിനെ തുടർന്നു കുളവും വറ്റിയതോടെ കൃഷി നടത്താൻ പറ്റാത്ത അവസ്ഥയായി.



ചെടി നടണമെങ്കിലും കുഴിയെടുക്കേണ്ട അവസ്ഥയായതോടെ വയലിൽ വിതറിയിരിക്കുകയാണു കർഷകർ. മഴ പെയ്താൽ വേര് പിടിക്കും എന്ന പ്രതീക്ഷയിലാണ് ഇങ്ങനെ ചെയ്തതെന്നു കർഷകർ പറയുന്നു. വയലുകളിൽ ഒഴുകുന്ന ചെറുതോടുകളെല്ലാം വറ്റിത്തുടങ്ങി. നട്ടു മുളപ്പിച്ച നെൽച്ചെടികൾ ഉപേക്ഷിക്കാൻ മനസ്സ് വരാത്തതാണു പ്രതീക്ഷയ്ക്ക് വകയില്ലാതിരുന്നിട്ടും ജോലിക്കാരെ ഉപയോഗിച്ചു കൃഷി തുടരുന്നതെന്നും പറയുന്നു. കാലാവസ്ഥ ഈ നിലയിൽ തുടരുകയാണെങ്കിൽ ഇത്തവണ നെൽക്കൃഷി പൂർണമായും അപ്രത്യക്ഷമാകുമെന്നും കർഷകർ പറയുന്നു.

# കാത്തിരിക്കുന്നത് ശുദ്ധജല ക്ഷാമവും വൈദ്യുത പ്രതിസന്ധിയും



**കോഴിക്കോട്:** കക്കയം, പെരുവണ്ണാമൂഴി ഡാമുകളിലെ ജലനിരപ്പ് വൻ തോതിൽ കുറഞ്ഞതോടെ ജില്ലയെ ഉറ്റുനോക്കുന്നതു ശുദ്ധജല ക്ഷാമവും വൈദ്യുത പ്രതിസന്ധിയും. 7 വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ ജലനിരപ്പിലേക്ക് കക്കയം, പെരുവണ്ണാമൂഴി ഡാമുകൾ എത്തിക്കഴിഞ്ഞു. കക്കയത്ത് ഇന്നലെ 746.304 മീറ്റർ മാത്രമാണ് വെള്ളം. കഴിഞ്ഞ വർഷത്തേക്കാൾ ജലനിരപ്പ് 7.832 മീറ്റർ കുറവ്.

പെരുവണ്ണാമൂഴിയിൽ ഇന്നലെ 37.15 മീറ്റർ വെള്ളം മാത്രം. ഭയാനകമായ മഴക്കുറവാണ് ഈ വർഷം സംസ്ഥാനത്ത് രേഖപ്പെടുത്തിയിട്ടുള്ളത്. ഓഗസ്റ്റിലെ ആദ്യ 15 ദിവസം 254.6 മില്ലിമീറ്റർ മഴ ലഭിക്കേണ്ടിയിരുന്ന സ്ഥാനത്ത് കിട്ടിയത് 25.1 മില്ലിമീറ്റർ മാത്രം 90% മഴക്കുറവ്. മഴക്കാലം തുടങ്ങുന്ന ജൂൺ 1 മുതൽ ഇതുവരെ 1556 മില്ലിമീറ്റർ മഴ ലഭിക്കേണ്ടപ്പോൾ ഇത്തവണ കിട്ടിയത് 684 മില്ലിമീറ്റർ മാത്രം.

എൽനിനോ പ്രതിഭാസം മൂലമാണ് മഴക്കുറവ് ഉണ്ടാകുന്നതെന്ന് വിദഗ്ധർ വിലയിരുത്തുന്നു. ഇത് അടുത്ത വർഷം വരെ നീളുമെന്നും അവർ പ്രവചിക്കുന്നു. സംസ്ഥാനത്തെ വിവിധ ഡാമുകളിലായി 37% വെള്ളം മാത്രമേ നിലവിൽ അവശേഷിക്കുന്നുള്ളൂ എന്ന കണക്കുകൾ കൂടി പരിഗണിക്കുമ്പോൾ രൂക്ഷമായ വരൾച്ചയാണ് ഉറ്റുനോക്കുന്നതെന്ന് ചുരുക്കം.

കക്കയത്ത് മുൻ വർഷങ്ങളിൽ ദിവസേന 4.5426 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചിരുന്നത് ഇത്തവണ 1.639 ദശലക്ഷം യൂണിറ്റ് മാത്രം. ഉൽപാദനത്തിലെ കുറവ് വൈദ്യുതി പ്രതിസന്ധി കൂട്ടും. വയനാട്ടിലെ ബാണാസുര ഡാമിൽ നിന്നു ടണൽ മാർഗം വെള്ളം കക്കയം ഡാമിലേക്ക് ഒഴുക്കുന്നതും നിർത്തിവച്ചു.

ജലനിരപ്പ് ഇനിയും കുറഞ്ഞാൽ ഹൈഡൽ ടൂറിസം ബോട്ട് സർവീസും നിർത്തും. ഇവിടെ നിന്ന് പുറന്തള്ളുന്ന ജലം പെരുവണ്ണാമൂഴി ഡാമിലേക്കാണ് എത്തുന്നത്. വൈദ്യുതി ഉൽപാദനം കുറഞ്ഞാൽ പെരുവണ്ണാമൂഴിയിലേക്ക് എത്തുന്ന ജലത്തിന്റെ അളവും കുറയും. കുറ്റ്യാടി ജലസേചന പദ്ധതിയെയും പ്രതികൂലമായി ബാധിക്കും.

കുറ്റ്യാടി ജല വിതരണ പദ്ധതികളുടെ അണക്കെട്ടിൽ കഴിഞ്ഞ വർഷത്തേക്കാൾ 2.03 മീറ്റർ വെള്ളം കുറവ്. 603 കിലോമീറ്റർ കനാൽ ശൃംഖലയിലൂടെ ജില്ലയുടെ വിവിധ മേഖലകളിൽ വേനൽക്കാലത്ത് വെള്ളം എത്തിക്കുന്ന പദ്ധതിയാണ് കുറ്റ്യാടി. ജപ്പാൻ കുടിവെള്ള പദ്ധതിയുടെയും ജല അതോറിറ്റിയുടെ വിവിധ പദ്ധതികളുടെ പ്രധാന സ്രോതസ്സ്. ചക്കിട്ടപാറ സഹകരണ ബാങ്കിന്റെ സോളർ ബോട്ട് സർവീസും പ്രതിസന്ധിയിലാകും. ചക്കിട്ടപാറ പഞ്ചായത്തിൽ 5000 കുടുംബങ്ങൾക്കുള്ള ജലജീവൻ പദ്ധതി അടുത്ത മാസം ഉദ്ഘാടനം ചെയ്യാനിരിക്കുകയാണ്.

6 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയും അടുത്ത മാസം നാടിനു സമർപ്പിക്കേണ്ടതാണ്. വെള്ളം കുറഞ്ഞതിനാൽ 3 മെഗാവാട്ടിന്റെ ഒരു മെഷീൻ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. വരും മാസങ്ങളിൽ കനത്ത മഴ ലഭിച്ചില്ലെങ്കിൽ ഡാമിലെ ജലത്തെ ആശ്രയിക്കുന്ന പല പദ്ധതികളും താളംതെറ്റും. സാധാരണ ഫെബ്രുവരി മാസത്തിൽ തുറക്കുന്ന കുറ്റ്യാടി ജലസേചന പദ്ധതി കനാൽ നേരത്തെ തുറക്കേണ്ടി വരും.

# വെർച്വൽ ക്ലാസ് റൂം ഉദ്ഘാടനം നിർവഹിച്ചു



**തൃശൂർ:** ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിറ്റേഷൻ സെന്ററുകൾ ഉൾപ്പെടെ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം നൽകുക എന്ന ദൃഢനിശ്ചയത്തിലാണ് സർക്കാർ പ്രവർത്തിക്കുന്നത് എന്ന് മന്ത്രി ബിന്ദു. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നേടുന്ന കുട്ടികൾക്ക് ക്ലാസ് റൂം അനുഭവങ്ങൾ സാധ്യമാക്കുന്നതിന് വേണ്ടി സമഗ്ര ശിക്ഷ കേരളം നടപ്പിലാക്കിയ വെർചൽ ക്ലാസ് റൂമിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

സ്കൂളിലേക്ക് പോകാൻ ശാരീരിക ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് വീട്ടിൽ തന്നെ ഇരുന്ന് പഠിക്കുവാനുള്ള ഓൺലൈൻ സംവിധാനം ഉറപ്പാക്കി പഠനപ്രവർത്തനങ്ങളിൽ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. വീട്ടിൽ തന്നെ ഇരുന്ന് സ്കൂൾ അന്തരീക്ഷത്തിന് സമാനമായി പഠിക്കുവാനും അധ്യാപകരുമായി സംവദിക്കാനും സംശയങ്ങൾ ചോദിക്കുവാനും വെർചൽ ക്ലാസ് റൂമിലൂടെ സാധിക്കും എന്നും മന്ത്രി പറഞ്ഞു.

വേളൂക്കര പഞ്ചായത്തിലെ പുളിയത്ത് പറമ്പിൽ വീട്ടിൽ വിനീഷിന്റെയും ദീപയുടെയും മകനായ ആറാം ക്ലാസിൽ പഠിക്കുന്ന ദേവാനന്ദിനെയാണ് വിർചൽ ക്ലാസ് റൂം സംവിധാനം മിനിസ്റ്റർ പരിചയപെടുത്തിയത്. ദേവാനന്ദിന് ടാബും, റൂട്ടർ, വൈഫൈ സംവിധാനം എല്ലാം സജ്ജമാക്കിയിട്ടുണ്ട്. നടവരമ്പ് സർക്കാർ സ്കൂളിലെ ടീച്ചർമാരുടെയും വിദ്യാർഥികളുടെയും പൂർണപിന്തുണ ദേവാനന്ദിന് ഉണ്ട്. ഒപ്പം ഓണക്കോടിയും മന്ത്രി സമ്മാനിച്ചു.

എല്ലാ വിദ്യാർഥികൾക്കും ഒരു പോലെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നേടുന്ന കുട്ടികളുടെ അക്കാദമിക മുന്നേറ്റം സാധ്യമാക്കുക, ഭിന്നശേഷിക്കാരായ വിദ്യാർഥികളെ മുഖ്യധാരയിലേക്ക് എത്തിക്കുക, ആത്മവിശ്വാസവും ആത്മധൈര്യവും വളർത്തുക എന്നിവയാണ് വിർചൽ ക്ലാസ് റൂമിന്റെ ലക്ഷ്യങ്ങൾ.

വെള്ളാങ്കല്ലൂർ ബിആർസിയുടെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വിജയലക്ഷ്മി വിനയചന്ദ്രൻ അധ്യക്ഷയായി. എസ് എസ് കെ ഡി പി സി ഡോ. ബിനോയ് എം ജെ, വെളുക്കര പഞ്ചായത്ത് പ്രസിഡന്റ് ധനേഷ്, വെള്ളാങ്കല്ലൂർ ബി ആർ സി ബിപിസി ഗോഡ്വിൻ റോഡ്രിഗ്സ്, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്, നടവരമ്പ് സർക്കാർ സ്കൂളിലെ അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

## മത്സ്യകൃഷി പദ്ധതികളിലേക്ക് അപേക്ഷിക്കാം

**തൃശൂർ:** ജില്ലയിൽ വിവിധ മത്സ്യകൃഷി പദ്ധതികൾക്കുള്ള അപേക്ഷ ക്ഷണിച്ചു. പുതിയ റിയറിങ്, ഗ്രോഔട്ട് കുളങ്ങളുടെ നിർമാണം, ശുദ്ധജലം മത്സ്യകൃഷിക്കുള്ള ഇൻപുട്ടുകൾ, ഓരു ജലം മത്സ്യകൃഷിക്കായി പുതിയ കുളങ്ങളുടെ നിർമാണം, ഓരു ജലം മത്സ്യകൃഷി ഇൻപുട്ടുകൾ, പിന്നാമ്പുറ അലങ്കാര മത്സ്യ വളർത്തൽ യൂണിറ്റ്, മീഡിയം സ്കെയിൽ അലങ്കാര മത്സ്യ വളർത്തൽ യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യ യൂണിറ്റ്, മിനി ആർ എ എസ് സ്ഥാപിക്കൽ, ഐസ് ബോക്സ് ഉള്ള മോട്ടോർസൈക്കിൾ സൈക്കിൾ ത്രീ വീലർ, മത്സ്യ വില്പന കേന്ദ്രങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെട്ടവ. അഴീക്കോട്/ പീച്ചി/ചേറ്റുവ/ ചാലക്കുടി/നാട്ടിക/ ചാവക്കാട് /കേച്ചേരി/ വടക്കാഞ്ചേരി/ഇരിങ്ങാലക്കുട യൂണിറ്റ് ഓഫീസുകളിൽ സെപ്റ്റംബർ 20 വൈകിട്ട് നാലിനകം അപേക്ഷ സമർപ്പിക്കണം. ഫോൺ: 0487 2421090, 9746595719.

## പ്രോജക്ട് ഫെല്ലോ; വാക്ക് ഇൻ ഇന്റർവ്യൂ

**തൃശൂർ:** കേരള വന ഗവേഷണ സ്ഥാപനത്തിൽ ഒരു പ്രൊജക്റ്റ് ഫെല്ലോയുടെ താൽക്കാലിക ഒഴിവ്. അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. യോഗ്യത ബോട്ടണിയിൽ ഒന്നാം ക്ലാസ് ബിരുദാനന്തര ബിരുദം. ഫീൽഡ് ബോട്ടണി/മെഡിസിനൽ പ്ലാന്റ്സ്/സീഡ് സയൻസ് എന്നിവയിലുള്ള പ്രവർത്തി പരിചയം കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം. പ്രതിമാസം 22,000 രൂപ ഫെലോഷിപ്പ്. പ്രായപരിധി 01/01/2023 ന് 36 വയസ്സ് കവിയരുത്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അഞ്ചും മറ്റു പിന്നാക്ക വിഭാഗക്കാർക്ക് മൂന്നുവർഷവും നിയമാനുസൃതമായ വയസ്സളവ് ലഭിക്കും. സെപ്റ്റംബർ 5 രാവിലെ 10 ന് സർട്ടിഫിക്കറ്റുകൾ സഹിതം കേരളവന ഗവേഷണ സ്ഥാപനത്തിന്റെ പീച്ചിയിലുള്ള ഓഫീസിൽ അഭിമുഖത്തിനായി എത്തണം.

## ഇംഗ്ലീഷ്, മാത്തമാറ്റിക്സ് അധ്യാപക ഒഴിവ്

**തൃശൂർ:** സർക്കാർ പോളിടെക്നിക് കോളജിൽ ഇംഗ്ലീഷ്, മാത്തമാറ്റിക്സ് വിഷയങ്ങളിൽ ലക്ചറർമാരുടെ താത്കാലിക അധ്യാപക ഒഴിവിലേക്ക് നിയമനം നടത്തുന്നു. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം, നെറ്റ്/പി.എച്ച്.ഡി/എംഫിൽൽൽൽ 50 ശതമാനം മാർക്കിൽ കുറയാതെ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം സെപ്റ്റംബർ 5ന് രാവിലെ 10.30ന് പ്രിൻസിപ്പാളിന്റെ ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ: 0471 2222935, 9400006418.

## ക്വട്ടേഷൻ ക്ഷണിച്ചു

**തൃശൂർ:** മണ്ണുത്തിയിലെ സംസ്ഥാന ബയോ കൺട്രോൾ ലാബിലേക്ക് ബ്രോക്കൻ ബജ, പൗച്ചിന്റെ മുന്നിലും പിന്നിലും ഒട്ടിക്കാനുള്ള ലേബലുകൾ, ടാൽക് (മഗ്നീഷ്യം സിലിക്കേറ്റ്) തുടങ്ങിയ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു.

സെപ്റ്റംബർ ആറ് രാവിലെ 11 വരെ സമർപ്പിക്കാം. ഫോൺ: 0487 2374605.

# കുടുംബ ഇ സ്കൂട്ടർ പുറത്തിറക്കി എബ്ലു ഫിയോ




**കൊച്ചി:** എബ്ലു നിരയിലെ ഇരുചക്ര, മുച്ചക്ര വാഹനങ്ങളുടെ നിർമ്മാതാക്കളായ ഗോദാവരി ഇലക്ട്രിക് മോട്ടോഴ്സ് ഇ സ്കൂട്ടർ എബ്ലു ഫിയോ പുറത്തിറക്കി. ഇന്ത്യയിൽ ഇ വി ഇരുചക്ര വാഹന വിഭാഗത്തിലെ കമ്പനിയുടെ ആദ്യത്തെ ഉൽപ്പന്നമാണ് ഇത്. എബ്ലു ഫിയോയുടെ മുൻ കൂട്ടിയുള്ള ബുക്കിങ്ങ് 2023 ഓഗസ്റ്റ് 15ന് ആരംഭിച്ചു കഴിഞ്ഞു. 2023 ഓഗസ്റ്റ് 23 മുതൽ വാഹനങ്ങൾ നൽകി തുടങ്ങും. 99,999 രൂപ എക്സ്ഷോറൂം വില വരുന്ന ഒരു വേരിയന്റ് മാത്രമാണ് കമ്പനി ഇപ്പോൾ പുറത്തിറക്കുന്നത്. എബ്ലു റോസീ (ഇ വി മുച്ചക്ര വാഹനംഎൽ 5 എം), എബ്ലു സ്പിൻ, എബ്ലു ത്രിൽ (ഇ ബൈസിക്കിൾ) എന്നിവയാണ് കമ്പനിയുടെ മറ്റുൽപ്പന്നങ്ങൾ. 3 വർഷം അല്ലെങ്കിൽ 30000 കിലോമീറ്റർ കമ്പനി വാറന്റിയുള്ള ഈ വാഹനം വാങ്ങുവാൻ ഐ ഡി ബി ഐ ബാങ്ക്, എസ് ഐ ഡി ബി ഐ, ബജാജ് ഫിൻസർവ്, കൊടക് മഹീന്ദ്ര ബാങ്ക്, പേട്ടെയ്ൽ, ഇസൈഡ് ഫിനാൻസ്, ഛത്തീസ്ഗഡ് ഗ്രാമീൺ ബാങ്ക്, റെവ്ഫിൻ, അമു ലീസിങ്ങ് പ്രൈവറ്റ് ലിമിറ്റഡ്, ഫൈസാലോ എന്നിങ്ങനെയുള്ള പ്രമുഖ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് ഉപഭോക്താക്കൾക്ക് ധനസഹായവും കമ്പനി വാഗ്ദാനം ചെയ്യുന്നുവെന്ന് ഗോദാവരി ഇലക്ട്രിക് മോട്ടോഴ്സിന്റെ സി ഇ ഒ ഹൈദർഖാൻ പറഞ്ഞു.കമ്പനിയുടെ റായ്പൂർ കേന്ദ്രത്തിൽ നിന്നും ഉയിർകൊണ്ടതാണ് എബ്ലു ഫിയോ. കാലാധിവർത്തിയായ രൂപകൽപ്പനയിൽ അതീവ മികവുള്ള സുഖസൗകര്യം വാഗ്ദാനം ചെയ്യുന്നു ഈ സ്കൂട്ടർ. ഒരു കുടുംബ സ്കൂട്ടർ എന്നുള്ള നിലയിലാണ് ഇത് പുറത്തിറക്കുന്നത്. അതേ സമയം തന്നെ പ്രകടനത്തിന്റേയും സുരക്ഷയുടേയും കാര്യത്തിൽ മികവ് പുലർത്തുന്ന, പണത്തിന് മൂല്യം നൽകുന്ന ഒരു മികച്ച സ്കൂട്ടർ ആണ് അത്. ഇ വി ഇരുചക്ര വാഹന മേഖലയിലേക്ക് ചുവട് വയ്ക്കുന്നതോടു കൂടി ഗോദാവരി ഇലക്ട്രിക് മോട്ടോഴ്സ് ഇന്ത്യയിലെ അടുത്ത തലമുറ സഞ്ചാര സൗകര്യങ്ങൾക്ക് വേണ്ടിയുള്ള പ്രതിബദ്ധത കൂടുതൽ ശക് തമാക്കുകയാണെന്നും ഹൈദർഖാൻ പറഞ്ഞു.മികച്ച കരുത്തിനായി 110 എൻ എം പരമാവധി ടോർക്ക് ഉൽപ്പാദിപ്പിക്കുന്ന 2.52 കെ ഡബ്ലിയു ലിഅയോൺ ബാറ്ററി, ഇക്കണോമി, നോർമൽ, പവർ എന്നിങ്ങനെ മൂന്ന് ഡ്രൈവിങ്ങ് മോഡുകൾ, ഒറ്റ ചാർജ്ജിൽ 110 കിലോമീറ്റർ റെയ്ഞ്ച്, ബാറ്ററിക്ക് കൂടുതൽ സമ്മർദ്ദം നൽകാതെ ഡ്രൈവിങ്ങ് റെയ്ഞ്ച് കൂട്ടിക്കിട്ടുവാൻ സഹായിക്കുന്ന റീജനറേറ്റീവ് ബ്രേക്കിങ്ങ് സംവിധാനം എന്നിങ്ങനെ നിരവധി സവിഷേതകളോടെയാണ് പുതിയ എബ്ലു ഫിയോ പുറത്തിറങ്ങുന്നതെന്നും അദ്ദേഹം പറഞ്ഞു.

# സിംപോളോ വിട്രിഫൈഡിന്റെ 128ാമത് ഷോറൂം കോഴിക്കോട്ട്



**കൊച്ചി:** ഇന്ത്യൻ സെറാമിക് വ്യവസായത്തിലെ മുൻനിരക്കാരിൽ ഒരാളായ സിംപോളോ വിട്രിഫൈഡ്, അതിന്റെ കേരളത്തിലെ ആദ്യത്തെ എക്സ്ക്ലൂസീവ് ടൈൽസ് ആൻഡ് സാനിറ്ററിവെയർ ഷോറൂം ഫ്രാഞ്ചൈസി മോഡലിൽ സിൽവൻ ടൈൽസ് ഗാലറിയിൽ ഉദ്ഘാടനം ചെയ്തു. 2100 ചതുരശ്ര അടി വിസ്തീർണമുള്ള ഇന്ത്യയിലെ 128ാമത് ഷോറൂം കോഴിക്കോട് ബൈപാസ് സൈബർ പാർക്കിന് സമീപം നെല്ലിക്കോടാണ് സ്ഥിതി ചെയ്യുന്നത്. വലിയ ഫോർമാറ്റ് സിന്റർഡ് കോംപാക്റ്റ് സർഫേസുകളുടെയും 16/20 എംഎം കട്ടിയുള്ള ഔട്ട്ഡോർ ടൈലുകളുടെയും കിച്ചൻ പ്ലാറ്റ്ഫോം, ഡബിൾ ചാർജ് വിട്രിഫൈഡ് ടൈലുകൾ തുടങ്ങി നിരവധി വിഭാഗങ്ങളുടെ ഏറ്റവും നൂതന ഡിസൈനുകൾ ഇവിടെ ലഭ്യമാണ്.ഷോറൂമിൽ 1200઼2400 ഡ്രെഡ്രാനുല പോലെ ക്ലാസിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന ഉൽപ്പന്നങ്ങളും 1200઼1800 പോഷ് സർഫേസ്, സ്റ്റൈൽ സ്റ്റേറ്റ്മെന്റ് ആഡ് ഓണുകളും ഔട്ട്ഡോർ ആപ്ലിക്കേഷനുകൾക്കായി 16 എംഎം റോക്ക്ഡെക്ക് സീരീസ് ഉള്ള ഇൻഡോർ സ്പേസ്, അടുക്കളടോപ്പ്, ഡബിൾ ചാർജ്, ഗ്ലേസ്ഡ് ടൈൽസ് വാൾ തുടങ്ങിയവയും ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. ക്ലാസ്സി ഹൗസ് ബിൽഡർമാരുടെയും ആർക്കിടെക്റ്റിന്റെയും എല്ലാ ടൈലിംഗ് ആവശ്യങ്ങളും നിറവേറ്റുന്ന ഈ ഷോറൂമിൽ അനുയോജ്യമായ അന്തരീക്ഷത്തിൽ അത്യാധുനിക മോക്ക്അപ്പ് ഡിസ്പ്ലേകളിലൂടെ ഓരോ ടൈലും അതിന്റെ യഥാർത്ഥ ഉപയോഗത്തിൽ എങ്ങനെ കാണപ്പെടും എന്നതിന്റെ ഒരു അനുഭവം ഉപഭോക്താക്കൾക്ക് നൽകുന്നു.കോഴിക്കോട് മത്സരിക്കുന്ന ചില പ്രീമിയം ബ്രാൻഡുകളെ അവരുടെ തന്ത്രങ്ങളെക്കുറിച്ച് പുനർവിചിന്തനം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഡിസൈനിലും ദൃശ്യാനുഭവത്തിലും ടൈൽ ഷോപ്പിംഗിനെ വ്യത്യസ്ത തലത്തിലേക്ക് കൊണ്ടുപോകുമെന്ന് ഈ ഷോറൂം വാഗ്ദാനം ചെയ്യുന്നുവെന്ന് ഷോറൂമിന്റെ ഉദ്ഘാടന വേളയിൽ കമ്പനിയുടെ സിഎംഒ ഭാരത് അഘാര പറഞ്ഞു.കോഴിക്കോട് അതിന്റെ വരേണ്യ രുചിക്കും സൗന്ദര്യബോധത്തിനും പേരുകേട്ടതാണ്. ഷോറൂമിനൊപ്പം, അവർക്കും അവരുടെ ക്ലയന്റുകൾക്കും ഉപഭോക്താക്കൾക്കും ഒരു പ്രത്യേക ശ്രേണി ഉൽപ്പന്നങ്ങൾ വാഗ്ദാനം ചെയ്യുന്നതിലൂടെ അവരുടെ ആവശ്യകതകളുമായി പൊരുത്തപ്പെടാൻ ഞങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് ചടങ്ങിൽ സംസാരിച്ച കേരള സെയിൽസ് ജിഎം സുധീർ ബി കെ പറഞ്ഞു.

# ബിസ്ലേരിയുടെ പാക്കുകളിൽ ഇടം പിടിച്ച് 'കിങ് ഓഫ് കൊത്ത'




**കൊച്ചി:** ദുൽഖർ സൽമാന്റെ കിങ് ഓഫ് കൊത്തയെ 'കുപ്പിയിലാക്കി' മുൻനിര പാക്കേജ്ഡ് കുടിവെള്ള ബ്രാന്റായ ബിസ്ലേരി. ബിസ്ലേരിയുടെ 500 എം.എൽ, ഒരു ലിറ്റർ, ര് ലിറ്റർ ലിമിറ്റഡ് എഡിഷൻ പാക്കുകളിലാണ് ചിത്രത്തിലെ നായകനായ ദുൽഖർ സൽമാന്റെ കൊത്ത രാജു ഇടം പിടിക്കുന്നത്. കേരളത്തിലുടനീളവും തമിഴ്നാട്ടിൽ കോയമ്പത്തൂർ, പൊള്ളാച്ചി, തിരുപ്പൂർ, നാഗർകോവിൽ, തെങ്കാശി, തേനി തുടങ്ങിയ നഗരങ്ങളിലും ലിമിറ്റഡ് എഡിഷൻ ബോട്ടിലുകൾ ലഭ്യമാക്കും. ബിസ്ലേരിയുടെ 12,000ത്തിലധികം ഔട്ട്ലറ്റുകളിൽ ലിമിറ്റഡ് എഡിഷൻ പായ്ക്കുകൾ ലഭികും. ഇതിന് പുറമേ Bisleri @Doorstep എന്ന ആപ്പിലൂടെ ഓൺലൈനായും വാങ്ങാനാകുമെന്ന് ബിസ്ലേരി ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡിന്റെ മാർക്കറ്റിങ്ങ് ഹെഡ്ഡ് തുഷാർ മൽഹോത്ര പറഞ്ഞു. വ്യാഴാഴ്ച പ്രദർശനത്തിന് എത്തിയ ചിത്രം ഇതിനോടകം വൻ പ്രേക്ഷക ശ്രദ്ധയാണ് പിടിച്ച് പറ്റിയത്

# ട്രെൻഡിങ്ങായി 'വേല ' യുടെ ട്രെയ്‌ലർ




**കൊച്ചി:** ക്രൈം ഡ്രാമ ചിത്രം വേലയുടെ ട്രയ്‌ലർ റിലീസായി. പാലക്കാടും പരിസര പ്രദേശങ്ങളിലും ചിത്രീകരണം പൂർത്തിയായ ചിത്രത്തിൽ പോലീസ് വേഷത്തിൽ ഉല്ലാസ് അഗസ്റ്റിൻ ആയി ഷെയിൻ നിഗവും മല്ലികാർജ്ജുനനായി സണ്ണിവെയ്നും കേന്ദ്ര കഥാപാത്രങ്ങളിൽ എത്തുന്നു. സണ്ണി വെയ്നും ഷെയിൻ നിഗവും പോലീസ് വേഷത്തിൽ കൊമ്പുകോർക്കുന്ന ചിത്രത്തിന്റെ ട്രയ്‌ലർ മണിക്കൂറുകൾക്കുള്ളിൽ തന്നെ യൂട്യൂബ് ട്രെൻഡിങ് ലിസ്റ്റിൽ ഇടം നേടി. തനിക്കു ചെയ്യാൻ ഇഷ്ടമുള്ള പോലീസ് ജോലിയിൽ നിർവൃതനായിരിക്കുന്ന ഷെയിൻ നിഗം അവതരിപ്പിക്കുന്ന ഉല്ലാസ് കൃഷ്ണന്റെ കഥാപാത്രത്തിലൂടെയുള്ള സംഗീർണ്ണമായ ഒരു കേസന്വേഷണത്തിലേക്കുള്ള യാത്രയാണ് വേല ട്രെയ്‌ലർ സൂചിപ്പിക്കുന്നത്. സിൻസിൽ സെല്ലുലോയ്ഡിന്റെ ബാനറിൽ എസ് ജോർജ് നിർമ്മിക്കുന്ന വേലയുടെ സംവിധാനം ശ്യാം ശശിയും തിരക്കഥ എം. സജാസും നിർവഹിച്ചിരിക്കുന്നു. സിദ്ധാർഥ് ഭരതനും അതിഥി ബാലനും ചിത്രത്തിൽ ശ്രേധേയമായ കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടുണ്ട്. ബാദുഷ പ്രൊഡക്ഷൻസാണ് ചിത്രത്തിന്റെ സഹനിർമ്മാതാക്കൾ. ദുൽഖർ സൽമാന്റെ വേഫേറെർ ഫിലിംസ് ആണ് ചിത്രം കേരളത്തിലെ തിയേറ്ററുകളിലേക്കെത്തിക്കുന്നത്.വേലയുടെ അണിയറപ്രവർത്തകർ ഇവരാണ്: ചിത്രസംയോജനം : മഹേഷ് ഭുവനേന്ദ്, ഛായാഗ്രഹണം : സുരേഷ് രാജൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ : സുനിൽ സിംഗ് , പ്രൊഡക്ഷൻ കൺട്രോളർ : പ്രശാന്ത് നാരായണൻ, പ്രൊജക്റ്റ് ഡിസൈനർ : ലിബർ ഡേഡ് ഫിലിംസ്, മ്യൂസിക് : സാം സി എസ് ,സൗണ്ട് ഡിസൈൻ : എം ആർ രാജാകൃഷ്ണൻ, കലാ സംവിധാനം : ബിനോയ് തലക്കുളത്തൂർ, വസ്ത്രലങ്കാരം :ധന്യ ബാലകൃഷ്!ണൻ, കൊറിയോഗ്രാഫി: കുമാർ ശാന്തി, ഫിനാൻസ് കൺട്രോളർ: അഗ്നിവേശ്. പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് : എബി ബെന്നി, ഔസേപ്പച്ചൻ, പ്രൊഡക്ഷൻ മാനേജർ : മൻസൂർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ : പ്രശാന്ത് ഈഴവൻ, അസോസിയേറ്റ് ഡയറക്റ്റേർസ് : തൻവിൻ നസീർ, ഷൈൻ കൃഷ്!ണ, അസിസ്റ്റന്റ് ഡയറക്ടേഴ്സ് : അഭിലാഷ് പി ബി , അദിത്ത് എച്ച് പ്രസാദ്, ഷിനോസ് , മേക്കപ്പ് : അമൽ ചന്ദ്രൻ,സംഘട്ടനം : പി സി സ്റ്റണ്ട്!സ്, ഡിസൈൻസ് : ടൂണി ജോൺ ,സ്റ്റിൽസ് ഷുഹൈബ് എസ് ബി കെ, പബ്ലിസിറ്റി : ഓൾഡ് മംഗ്സ്, പി ആർ ഒ: പ്രതീഷ് ശേഖർ.

# ഏറ്റവും ഉയരം കൂടിയ മഹാബലി വണ്ടർലായിൽ



**കൊച്ചി:** ഓണക്കാലത്തെ വരവേൽക്കാൻ കയറു കൊ് നിർമ്മിച്ച ലോകത്തിലെ ഏറ്റവും ഉയരം കൂടിയ മഹാബലിയുമായി വർലാ കൊച്ചി. 15 അടി ഉയരത്തിലുള്ള ഈ മഹാബലിയാണ് ഓണക്കാലത്ത് വർലായിലെത്തുന്നവരെ സ്വീകരിക്കുക. വർലാ പാർക്കിൽ വെച്ച് പാർക്ക് ഹെഡ് എം എ രവികുമാറിന്റെ സാന്നിധ്യത്തിൽ കയർഫെഡ് വൈസ് പ്രസിഡന്റ് ആർ സുരേഷും, ടൂറിസം ഡിപ്പാർട്ട്മെൻറ് ജോയിന്റ് ഡയറക്ടർ ഷാഹുൽ ഹമീദും ചേർന്ന് മഹാബലിയുടെ രൂപം അനാച്ഛാദനം ചെയ്തു. ആഗസ്റ്റ് 26 മുതൽ സെപതംബർ 3 വരെ നീളുന്ന വർലായിലെ ഓണാഘോഷങ്ങൾക്ക് മഹാബലി പകിട്ടേകും.ലോകത്തിലെ ഏറ്റവും ഉയരം കൂടിയ മഹാബലിക്കുള്ള ബെസ്റ് ഓഫ് ഇന്ത്യ റെക്കോർഡ് നേടിയ ഈ മഹാബലിയുടെ ഇൻസ്റ്റലേഷൻ 14 ദിവസങ്ങൾ കൊ് മനുവിന്റെ നേതൃത്വത്തിൽ 6 കലാകാരന്മാർ വളരെ സൂക്ഷ്മതയോടെ നിർമ്മിച്ചതാണ്. കയറുകൊ് നിർമിച്ച ഈ ശില്പം അമ്യൂസ്മെന്റ് പാർക്കിനുള്ളിലെ ഒരു മുഖ്യ ആകർഷണമായി മാറാൻ ഒരുങ്ങുകയാണ്. എല്ലാ പ്രായത്തിലുമുള്ള സന്ദർശകർക്കും ഈ മഹാബലി ഇൻസ്റ്റാളേഷൻ ഒരു കൗതുകമായി മാറുമെന്നതിൽ സംശയമില്ല. ഓണവുമായി ബന്ധപ്പെട്ട എല്ലാ ഐതീഹ്യങ്ങളും ആഘോഷ രീതികളും പ്രചരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് വർലാ ഇത്തവണ മഹാബലിയുടെ ഈ രൂപം അവതരിപ്പിച്ചിരിക്കുന്നത്.

# ഡിജിറ്റൽ റുപീ ആപ്പിൽ യുപിഐ സൗകര്യങ്ങൾ ലഭ്യമാക്കി ആക്സിസ് ബാങ്ക്

കൊച്ചി: ആക്സിസ് ബാങ്കിന്റെ സിബിഡിസി ആപ്പിൽ (ആക്സിസ് മൊബൈൽ ഡിജിറ്റൽ റുപീ) യുപിഐ ഇന്റർഓപറേറ്റബിലിറ്റി സൗകര്യങ്ങൾ ലഭ്യമാക്കി. ഉപഭോക്താക്കൾക്ക് ഡിജിറ്റൽ റുപ്പീ ഉപയോഗിച്ച് ഏതു യുപിഐ മർച്ചന്റ് കോഡിലേക്കും പണം നൽകാൻ ഇതു സഹായിക്കും. ഇതിനു പുറമെ തങ്ങളുടെ ക്യുആർ കോഡുകൾ ഉപയോഗിച്ച് ഡിജിറ്റൽ റുപ്പീ പണം വാങ്ങലും സാധ്യമാകും. ഈ സേവനങ്ങൾ ലഭ്യമാക്കുന്ന ആദ്യ സ്വകാര്യ മേഖലാ ബാങ്ക് എന്ന സ്ഥാനവും ഇതോടെ ആക്സിസ് ബാങ്കിനു സ്വന്തമായി.ഡിജിറ്റൽ റുപ്പീ, യുപിഐ ഇന്റർഓപറേറ്റബിലിറ്റി രംഗത്തെ വിപ്ലവകരമായ നീക്കമാണിതെന്ന് ആക്സിസ് ബാങ്ക് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ രാജിവ് ആനന്ദ് പറഞ്ഞു രാജ്യത്ത് ഡിജിറ്റൽ റുപ്പീ വിപുലമായി സ്വീകരിക്കപ്പെടാൻ ഇതു സഹായകമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഡിജിറ്റൽ റുപ്പീയുടെ സുരക്ഷയും വേഗതയും യുപിഐയുടെ ഉപഭോക്തൃ സൗഹാർദ്ദ സവിശേഷതകളും സംയോജിപ്പിക്കുന്നതാണ് ഈ നീക്കമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ആക്സിസ് മൊബൈൽ ഡിജിറ്റൽ റുപ്പീ ആപ്പ് ആൻഡ്രോയ്ഡ് ഐഒഎസ് ഉപകരണങ്ങളിൽ ലഭ്യമാണ്.

# കൊച്ചിയിൽ മലേഷ്യൻ ടൂറിസം മേള സംഘടിപ്പിച്ചു




**കൊച്ചി:** ഇന്ത്യയുമായുള്ള സാംസ്കാരിക, വിനോദ സഞ്ചാര ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മലേഷ്യൻ ടൂറിസം സംഘടിപ്പിച്ച 'റോഡ് ഷോ' (ടൂറിസം മേള ) കൊച്ചി ഹോട്ടൽ മാരിയോട്ടിൽ സമാപിച്ചു.ഓഗസ്റ്റ് 14 ന് അമൃതസറിൽ ആരംഭിച്ച റോഡ്ഷോ ലഖ്നൗ, നാഗ്പൂർ, പൂനെ, ഗോവ എന്നീ നഗരങ്ങൾ പിന്നിട്ട് വെള്ളിയാഴ്ച്ചയാണ് കൊച്ചിയിൽ എത്തിയത്. മലേഷ്യൻ ടൂറിസം, കലാ സാംസ്കാരിക വകുപ്പ് സഹ മന്ത്രി വൈ ബി തുവാൻ ഖൈറുൽ ഫിർദൗസ് അക്ബർ ഖാനാണ് റോഡ്ഷോ നയിച്ചത്. ടൂറിസം ബോർഡുകൾ,റിസോർട്ടുകൾ, ഹോട്ടലുകൾ, ട്രാവൽ ഏജന്റുമാർ, ടൂറിസം ഉൽപ്പന്ന ഉടമകൾ, വിസ കൺസൾട്ടന്റുമാർ, മലേഷ്യ ആസ്ഥാനമായുള്ള എയർലൈൻസ്, പ്രതിനിധികൾ എന്നിവരടങ്ങുന്ന നാൽപ്പത്തിയഞ്ച് സംഘടനകൾ പങ്കെടുത്തു.ടൂറിസം മലേഷ്യ ഈ വർഷം രാജ്യത്ത് നടത്തുന്ന രാം റോഡ്ഷോയാണിത്. 2023 ജനുവരി 30 മുതൽ ഫെബ്രുവരി 7 വരെ ഇന്ത്യയിലെ അഞ്ച് പ്രധാന നഗരങ്ങളിൽ ആദ്യ റോഡ്ഷോ നടത്തി. തുടർന്ന് നോയ്ഡയിൽ നടന്ന സൗത്ത് ഏഷ്യ ട്രാവൽ & ടൂറിസം എക്സ്ചേഞ്ച് (SATTE) 2023, ഉദയ്പൂരിൽ നടന്ന ട്രാവൽ വെഡ്ഡിംഗ് ഷോ എന്നിവയിൽ മലേഷ്യൻ ടൂറിസത്തിന്റെ സജീവ പങ്കാളിത്തമുായി. ഈ രാം പരമ്പരയിലൂടെ രാജ്യത്തേക്ക് ടൂറിസം രംഗം കൂടുതൽ സജീവമാക്കാൻ മലേഷ്യ ലക്ഷ്യമിടുന്നതായി ഫിർദൗസ് അക്ബർ ഖാൻ പറഞ്ഞു.ബിസിനസ് മീറ്റ്, സെമിനാറുകൾ, വിവാഹം, ഗോൾഫിംഗ്, സിനിമാ ചിത്രീകരണം, ഷോപ്പിംഗ് എന്നിവയുമായി ബന്ധപ്പെട്ട ടൂറിസം പാക്കേജുകളുടെ പ്രചാരണം, നെറ്റ്വർക്കിംഗ് പ്രോഗ്രാമുകൾ ബിസിനസ്ടുബിസിനസ് (ആ2ആ) മീറ്റുകൾ എന്നിവയാണ് റോഡ്ഷോയിൽ ഉള്ളത്. 2026ലെ വിസിറ്റ് മലേഷ്യ ഇയറിന്റെ പ്രചാരണ പരിപാടികളും നടന്നു.ഈ വർഷം മലേഷ്യ 16.1 ദശലക്ഷം അന്താരാഷ്ട്ര വിനോദസഞ്ചാരികളെയാണ് ലക്ഷ്യമിടുന്നത്. മലേഷ്യയിലേക്ക് വിനോദ സഞ്ചാരികളെത്തുന്ന മുൻനിര രാജ്യമാണ് ഇന്ത്യ. 2022ൽ മലേഷ്യ മൊത്തം 324,548 ഇന്ത്യൻ വിനോദസഞ്ചാരികളെ സ്വാഗതം ചെയ്തു, 2023ന്റെ ആദ്യ പാദത്തിൽ തന്നെ മലേഷ്യയിൽ 164,566 ഇന്ത്യൻ വിനോദസഞ്ചാരികളാണ് ലഭിച്ചത്. പോയ വർഷം ഇതേ കാലയളവിൽ ഇത് 13,370 ആയിരുന്നു. വിശദ വിവരങ്ങൾക്ക്:: **www.tourism.gov.my.**മലേഷ്യൻ എയർലൈൻസ്, ബാത്തിക് എയർ, എയർഏഷ്യ, ഇൻഡിഗോ എന്നിവ വഴി ഇന്ത്യയ്ക്കും മലേഷ്യയ്ക്കുമിടയിൽ പ്രതിവാരം 30,032 സീറ്റുകളുള്ള 158 ഫ് ളൈറ്റുകളാണുള്ളത്.ഇന്ത്യൻ ടൂറിസ്റ്റുകൾക്ക് മലേഷ്യയുടെ ലഝകടഅ മൾട്ടിപ്പിൾ എൻട്രി വിസ എന്നിവയ്ക്ക് **https://malaysiavisa.imi.gov.my/evisa/evisa.jsp.**വഴി അപേക്ഷിക്കാൻ സാധിക്കും. മലേഷ്യ ടൂറിസം പ്രൊമോഷൻ ബോർഡ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ മുഹമ്മദ് അമീറുൾ റിസാൽ അബ്ദുൾ റഹീമും ഡപ്യൂട്ടി ഡയറക്ടർ ഷഹ്റിം ബിൻ ടാനും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# ഓണം മഹാബലിക്കൊപ്പം; ക്യാംപയിനുമായി മോജ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഹ്രസ്വ വീഡിയോ ആപ്പായ മോജ് രാജ്യവ്യാപകമായി 'മഹാബലിക്കൊപ്പം ഓണത്തിന്റെ സന്തോഷകരമായ നിമിഷങ്ങൾ' എന്ന ക്യാംപയിൻ ആരംഭിക്കുന്നു. ആഗസ്റ്റ് 31 വരെ ആകർഷകമായ ഓണം ഉള്ളടക്കം സൃഷ്ടിക്കാനായി ആവേശകരമായ ഹാഷ്ടാഗ് ചലഞ്ചും തത്സമയ സ്രഷ്ടാക്കളുടെ പോരാട്ടങ്ങളും മോജ് ഒരുക്കുന്നു. മികച്ച ഉള്ളടക്കമുള്ള വിജയികൾക്ക് സ്മാർട്ട്ഫോണുകൾ, സ്മാർട്ട് ടിവികൾ, ഇയർബഡുകൾ, സ്മാർട്ട് വാച്ചുകൾ, ഗൊറില്ല ട്രൈപോഡുകൾ എന്നിവയുൾപ്പെടെയുള്ള മികച്ച സമ്മാനങ്ങൾ ലഭിക്കുമെന്ന് മോജിന്റെയും ഷെയർചാറ്റിന്റെയും കൺസ്യൂമർ മാർക്കറ്റിംഗ് മേധാവി മൗസുമി മിശ്ര പറഞ്ഞു. ഓണം ചലഞ്ചുകൾക്കൊപ്പം, വിജയികൾക്ക് മൊത്തം 1,00,000 മൂല്യമുള്ള റിവാർഡുകൾ നേടാനുള്ള അവസരവും മോജ് ഒരുക്കുന്നുണ്ട്.വസ്ത്രം മുതൽ ഭക്ഷണം, അലങ്കാരം വരെ ഓണത്തിന്റെ വിവിധ വശങ്ങളെ കേന്ദ്രീകരിച്ചുള്ള ലൈവ് സെഷനുകളിൽ മോജ് ഉപയോക്താക്കൾക്ക് അവരുടെ സഹസ്രഷ്ടാക്കളുമായി പോരാടാനാകും. ഉപയോക്താക്കൾക്ക് അവരുടെ മനോഹരമായി രൂപകല്പന ചെയ്ത പൂക്കളം ഡിസൈനുകൾ, ഓണക്കോടി വസ്ത്രങ്ങൾ, ഗൃഹാതുരമായ ഓണക്കഥകൾ എന്നിവ പ്രദർശിപ്പിക്കാൻ കഴിയും, കൂടാതെ മനോഹരവും അതുല്യവുമായ തിരുവാതിരകളി നൃത്തരൂപം ലൈവ് സ്ട്രീം ചെയ്യാനും അവരുടെ ബാല്യകാല സ്മരണകൾ പങ്കിടാനും മറ്റും കഴിയും. ഏറ്റവും മികച്ച ലൈവ് മോജ് സ്രഷ്ടാക്കൾക്ക് അവരുടെ തത്സമയ സെഷനുകൾക്കായി ഉദാരമായ ക്യാഷ് റിവാർഡുകൾ നേടാനുള്ള അവസരം ലഭിക്കും. സ്രഷ്ടാക്കൾക്ക് 2023 ഓഗസ്റ്റ് 29 വരെ ഈ പ്രവർത്തനങ്ങളിൽ ചേരാം.എല്ലായിടത്തും ഉള്ള മലയാളികൾ വളരെ ഉത്സാഹടെ ഓണത്തിന തയ്യാറെടുക്കുമ്പോൾ, ഈ സമൂഹത്തെ ഫലത്തിൽ മോജിൽ ഒന്നിപ്പിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. **#MojOnam2023-**ലൂടെ, ഉത്സവത്തിന്റെ സാംസ്കാരിക സൂക്ഷ്മതകൾ മനസ്സിൽ വെച്ചുകൊണ്ട് രൂപകൽപ്പന ചെയ്തിരിക്കുന്ന ആവേശകരമായ വെല്ലുവിളികളിലൂടെയും ആകർഷകമായ ഉള്ളടക്കത്തിലൂടെയും ആഘോഷങ്ങൾക്ക് ആധികാരികമായ ഒരു രുചി നൽകുക എന്നതാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. ഞങ്ങളുടെ സമൂഹം അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനൊപ്പം ഈ ആഘോഷങ്ങൾ ആസ്വദിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നുവെന്നും മൗസുമി മിശ്ര പറഞ്ഞു.

## തനിയെ യാത്രചെയ്യുന്ന കുട്ടികൾക്ക് പ്രത്യേക സേവനം ഒരുക്കി എയർ ഏഷ്യ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും

**കൊച്ചി:** തനിയെ യാത്ര ചെയ്യുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് ഇനി ആശങ്കയില്ലാതെ അവരെ വിമാനയാത്രയ്ക്ക് അയയ്ക്കാം. അഞ്ചു മുതൽ 12 വയസുവരെയുള്ള, തനിച്ച് യാത്ര ചെയ്യുന്ന കുട്ടികൾക്ക് പ്രത്യേക സേവനം ഒരുക്കി എയർ ഏഷ്യ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും. ഡൊമസ്റ്റിക് സർവീസിലും ഇൻറർനാഷണൽ ഫ് ളൈറ്റുകളിലും ഈ സൗകര്യം ലഭിക്കും. അതുവഴി മാതാപിതാക്കളുടെ ആശങ്ക ഒഴിവാക്കുക മാത്രമല്ല കുട്ടികൾക്ക് അവരുടെ യാത്ര ആസ്വദിക്കുകയും ആനന്ദകരമാക്കുകയും ചെയ്യാം. എയർലൈനിൻറെ വെബ്സൈറ്റിലൂടെയും (മശൃശിറശമലഃുൃലൈ.രീാ) എയർപോർട്ട് സെയിൽസ് കൗണ്ടറിലൂടെയും 5000 രൂപ മുതലുള്ള നിരക്കുകളിൽ ഈ സർവീസ് ബുക്ക് ചെയ്യാം.എയർപോർട്ട് സെക്യൂരിറ്റി ചെക്കിനു മുമ്പു തന്നെ കുട്ടികൾക്ക് സേവനം ലഭ്യമാകുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തുടർന്ന് എയർപോർട്ടിലെ എല്ലാ യാത്രാ പരിശോധനകൾക്കും കുട്ടികൾക്ക് സഹായം ലഭിക്കും. കുട്ടിയുടേയും മാതാപിതാക്കളുടെ അല്ലെങ്കിൽ രക്ഷിതാവിൻറെയും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഡിപ്പാർച്ചറിൻറെ സമയത്തും അറൈവലിൻറെ സമയത്തും ഉായിരിക്കണം. ഡൊമസ്റ്റിക് യാത്രയ്ക്ക് രു മണിക്കൂർ മുമ്പ് എയർപോർട്ടിൽ മാതാപിതാക്കളുടെ അല്ലെങ്കിൽ രക്ഷിതാവിൻറെ ഒപ്പം കുട്ടി എത്തിയിരിക്കണം. വിമാനം ഇറങ്ങിക്കഴിയുമ്പോൾ മാതാപിതാക്കൾ അല്ലെങ്കിൽ രക്ഷിതാവിനെ കത്തെും വരെ കുട്ടികൾക്ക് എയർലൈൻ സ്റ്റാഫിൻറെ സേവനം ലഭിക്കും.തങ്ങളുടെ ഗസ്റ്റുകൾക്ക് സുരക്ഷിതവും ആനന്ദകരവുമായ യാത്ര ഉറപ്പാക്കുന്നതിനാണ് തങ്ങൾ എപ്പോഴും മുൻതൂക്കം നൽകുന്നതെന്ന് പുതിയ പദ്ധതിയെക്കുറിച്ച് വിവരിക്കവേ എയർ ഏഷ്യ ഇന്ത്യ ചീഫ് കമേഴ്സ്യൽ ഓഫീസർ അങ്കുർ ഗാർഗ് പറഞ്ഞു. പുതിയ സേവനം ഉറപ്പാക്കുക വഴി തനിയെ യാത്ര ചെയ്യുന്ന പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് അവരുടെ ആകാശ യാത്ര ഏറെ സുഖപ്രദവും ആനന്ദകരവുമാക്കാൻ സഹായിക്കും. തങ്ങളുടെ അർപ്പണ മനോഭാവമുള്ള സ്റ്റാഫുകൾ കുട്ടികൾക്ക് ചെക്ക് ഇൻ മുതൽ അറൈവൽ വരെയുള്ള നടപടിക്രമങ്ങളിൽ സുരക്ഷയും അല്ലലില്ലാത്ത യാത്രയും വാഗ്ദാനം ചെയ്യുന്നുവെന്നും അങ്കുർ ഗാർഗ് ചൂിക്കാട്ടി.കുട്ടിയാത്രക്കാർക്ക് എയർലൈനിൻറെ ഇൻ ഫ്ളൈറ്റ് എൻറർടെയിൻമെൻറ് ഹബ്ബായ എയർഫ്ലിക്സിൻറെ സേവനങ്ങൾ യാത്രയ്ക്കിടെ ലഭ്യമാണ്. ഗെയിംസ്, എഡ്യു ടെക് കൻറ്, ആർട്ടിക്കിൾസ് ഒക്കെ എയർഫ്ലിക്സിൽ ലഭ്യമാണ്.എയർ ഇന്ത്യ എക്സ്പ്രസും എഐഎക്സ് കണക്റ്റും ലയിക്കുന്നതിന് മുന്നോടിയായി ഏകീകരിച്ച ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും നിരയിൽ ഏറ്റവും പുതിയതാണ് തനിയെ യാത്രചെയ്യുന്ന കുട്ടികൾക്കുള്ള പ്രത്യേക സേവനങ്ങൾ.കമ്പനിയുടെ ഇൻ ഫ്ളൈറ്റ് ഡൈനിംഗ് ബ്രാൻഡായ 'ഗൊർമേർ' വ്യത്യസ്തതരത്തിലുള്ള ഭക്ഷണം വിളമ്പുന്നതിന് പേരുകേട്ടതാണ്. കുട്ടികൾക്കുള്ള സ്പെഷ്യൽ ഫുഡ്സ് ഉൾപ്പെടെ വീഗൻ, ജെയിൻ, മാസ്റ്റർ ഷെഫ് സ്പെഷ്യലുകൾ തുടങ്ങിയവയെല്ലാം ഇതിൽ ലഭ്യമാണ്.

## ഓണത്തിന് പ്രത്യേക ആനുകൂല്യങ്ങളുമായി ആക്സിസ് ബാങ്ക്

**കൊച്ചി:** ആക്സിസ് ബാങ്ക് ഓണ ഉത്സവ ആഘോഷത്തിൻറെ ഭാഗമായി കേരളത്തിലുടനീളമുള്ള കൊച്ചി വൺ കാർഡ് ഉടമകൾക്കും ഉപഭോക്താക്കൾക്കും ആകർഷകമായ നുകൂല്യങ്ങൾ അവതരിപ്പിച്ചു. ഓണത്തിൻറെ ഭാഗമായി ആക്സിസ് ബാങ്ക് പ്രമുഖ ബ്രാൻഡുകളുമായും റെസ്റ്റോറൻറുകളുമായും സഹകരിച്ച് പ്രവർത്തിക്കുന്നു.ഉപഭോക്താക്കൾക്ക് റീചാർജുകൾ, യൂട്ടിലിറ്റി പേയ്മെൻറുകൾ, ബിൽ സെറ്റിൽമെൻറുകൾ എന്നിവയിൽ കിഴിവുകൾ നൽകുന്നതിന് ആക്സിസ് ബാങ്ക് ആമസോൺ പേയുമായി സഹകരിക്കുന്നു. ആക്സിസ് ബാങ്കിൻറെ ഈസിഡൈനർ ഓഫറിൽ സ്വിഗ്ഗിയിൽ പ്രത്യേക കിഴിവുകളും ആകർഷകമായ ഡൈൻ ഔട്ട് ഡീലുകളും ലഭിക്കും. ബാർബിക്യൂ നേഷൻ, കൊച്ചി കിച്ചൺ (മാരിയറ്റ്), റോസ്റ്റൗൺ ഗ്ലോബൽ ഗ്രിൽ, മറ്റ് നിരവധി റെസ്റ്റോറൻറുകളിലൂടെ ഉപഭോക്താക്കൾക്ക് മികച്ച ഭക്ഷണം ആസ്വദിക്കാൻ കഴിയുമെന്ന് ബാങ്ക് ഉറപ്പുനൽകുന്നു. ഇതിനുപുറമെ എച്ച് & സി സ്റ്റോഴ്സ്, ഒലേഷ്യ ഹോട്ടൽസ്, ഗോൾഡൻ ഡ്രാഗൺ, ഇഫ്താർ, ചാർക്കോൾ തുടങ്ങിയ തിരഞ്ഞെടുത്ത 50ലധികം ഔട്ട്ലെറ്റുകളുമായി ബാങ്ക് സഹകരിച്ച് പ്രവർത്തിക്കുന്നു.കൊച്ചി വൺ കാർഡിൽ 20 ശതമാനം പതിവ് കിഴിവിനൊപ്പം ട്രിപ്പ് പാസുകളിൽ ബാങ്ക് 60 ശതമാനം വരെ കിഴിവും നൽകുന്നു. കൂടാതെ കൊച്ചി1 കാർഡ് ഉടമയ്ക്ക് കോമൺ പീരിയഡ് പാസ് ലഭിക്കും. ഇതുവഴി റെയിൽവേയിലും വാട്ടർ മെട്രോയിലും പരിധിയില്ലാതെ യാത്ര ചെയ്യാം. 2023 ആഗസ്റ്റ് 31 വരെ സംസ്ഥാനത്തുടനീളമുള്ള തിരഞ്ഞെടുത്ത 50 ശാഖകളിലൂടെ ബാങ്ക് ഈ സേവനങ്ങൾ നൽകും.തങ്ങളുടെ ഉപഭോക്താക്കൾക്ക് അവരുടെ ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള ഓഫറുകൾ ലഭ്യമാക്കുന്നതിനുമുള്ള തങ്ങളുടെ നിരന്തരമായ പരിശ്രമത്തിൻറെ ഭാഗമാണിതെന്ന് ആക്സിസ് ബാങ്ക് കാർഡ്സ്, പേയ്മെൻറ്സ് പ്രസിഡൻറും തലവനുമായ സഞ്ജീവ് മോഖെ പറഞ്ഞു.

## റിലയൻസ് ഡിജിറ്റലിന്റെ ഓണം ഓഫറുകൾ സെപ്തംബർ 3 വരെ

**കൊച്ചി:** റിലയൻസ് ഡിജിറ്റലിൻറെ പ്രത്യേക ഓണം ഓഫറുകൾ സെപ്തംബർ 3 വരെ. അത്യാധുനിക ഇലക്ട്രോണിക്സ്, ഗാഡ്ജെറ്റുകൾ എന്നിവയുടെ വിപുലമായ ശ്രേണിയിൽ അതിശയിപ്പിക്കുന്ന ഡീലുകളും കിഴിവുകളും നേടാമെന്ന് റിലയൻസ് അധികൃതർ പറഞ്ഞു. ഫെഡറൽ ബാങ്ക് , ഐസിഐസിഐ ബാങ്ക് കാർഡുകൾക്ക് 10% ഇൻസ്റ്റൻറ് ഡിസ്കൗും കൂടാതെ ഉത്പന്നങ്ങളുടെമേൽ 60%വരെ ഡിസ്കൗും ലഭിക്കും. ഫിനാൻസ് ഓപ്ഷനുകൾ നോക്കുന്ന ഉപഭോക്താക്കൾക്ക്, എച്ച് ഡി എഫ് സി ബാങ്ക് ഫൈനാൻസുകളിൽ 10% ക്യാഷ്ബാക്ക് സഹിതം പലിശ രഹിത ഇ എം ഐ ഓപ്ഷനുകളും ലഭിക്കും. ഓരോ പർച്ചേസിനും ഉറപ്പായ സമ്മാനങ്ങളോ സ്വർണ്ണ നാണയങ്ങളോ ലഭിക്കും. ഈ ഓഫറുകൾക്ക്പുറമേ , റിലയൻസ് ഡിജിറ്റലിന് ഓരോ വിഭാഗങ്ങളിലും ചില ആകർഷമായ ഡീലുകളും ഉ്. ഈ അത്യാകർഷകമായ ഓഫറുകളും മറ്റും നേടുന്നതിന്, നിങ്ങളുടെ അടുത്തുള്ള റിലയൻസ് ഡിജിറ്റൽ സ്റ്റോർ, മൈ ജിയോ സ്റ്റോർ സന്ദർശിക്കുക, അല്ലെങ്കിൽ reliancedigital.in-ൽ ലോഗിൻ ചെയ്യുക.75 ഇഞ്ച് UHD Google TV ക്യാഷ്ബാക്കിന് ശേഷം 69,990 രൂപയിൽ ലഭിക്കും. സാംസങ് നിയോ ക്യൂഎൽഇഡി (Neo QLED) ടിവി ക്യാഷ്ബാക്കിന് ശേഷം 99,990 രൂപയിൽ ആരംഭിക്കുന്നു . തിരഞ്ഞെടുത്ത സാംസങ് നിയോ ക്യുഎൽഇഡി മോഡലുകൾക്കൊപ്പം, 44,990 രൂപ വരെ വിലയുള്ള ഒരു കോംപ്ലിമെൻററി സൗബാറും ലഭിക്കും.OPPO Reno 10 സീരീസ് വാങ്ങുമ്പോൾ ബോണസായി, 4999 രൂപ വിലയുള്ള ബ്ലൂടൂത്ത് ഇയർഫോണുകൾ 499 യ്ക്ക് സ്വന്തമാക്കാം.ആപ്പിൾ ഐപാഡുകൾ പ്രതിമാസം 1167 രൂപയിൽ ആരംഭിയ്ക്കുന്നു. എച്ച്പി എൻവി ക്രിയേറ്റർ ലാപ്ടോപ്പുകൾ 57,499രൂപ മുതൽ ആരംഭിക്കുന്നു (എക്സ്ചേഞ്ച് ആനുകൂല്യങ്ങൾ, ക്യാഷ്ബാക്ക്, പ്രൊമോ എന്നിവയ്ക്ക് ശേഷമുള്ള വില).സൈഡ്ബൈസൈഡ് റഫ്രിജറേറ്റർ ഇപ്പോൾ 51,990രൂപ മുതൽ ലഭ്യമാണ്. 26,900 രൂപ വിലയുള്ള ശ്രദ്ധേയമായ Apple AirPods Pro 2nd ജനറേഷൻ ക്യാഷ്ബാക്ക് ഉൾപ്പെടെ ഇപ്പോൾ വെറും 23,999 രൂപയ്ക്ക് സ്വന്തമാക്കാം.എക്സ്ക്ലൂസീവ് വെയറബിൾസ് ഓഫറിലൂടെ 45,900 രൂപ വിലയുള്ള Apple വാച്ച് S8 വെറും 33,249രൂപയ്ക്ക് ലഭ്യമാണ്.തിരഞ്ഞെടുത്ത ഫ്ര് ലോഡ് അല്ലെങ്കിൽ ടോപ്പ് ലോഡ് വാഷിംഗ് മെഷീനുകൾ വാങ്ങുമ്പോൾ ബോണസ്സായി സൗജന്യ മിക്സർ ഗ്രൈൻഡറോ ട്രൂ വയർലെസ് ഇയർബഡുകളോ നേടാം. അതിനുമുകളിൽ, കൂടുതൽ മികച്ച ഡീലിനായി അധിക ബാങ്ക് ക്യാഷ്ബാക്ക് പ്രയോജനപ്പെടുത്തുക.ഈ അത്യാകർഷകമായ ഓഫറുകളും മറ്റും നേടുന്നതിന്, നിങ്ങളുടെ അടുത്തുള്ള റിലയൻസ് ഡിജിറ്റൽ സ്റ്റോർ, മൈ ജിയോ സ്റ്റോർ സന്ദർശിക്കുക, അല്ലെങ്കിൽ reliancedigital.inലേക്ക് ലോഗിൻ ചെയ്യുക.എല്ലാ ഓഫറുകളിലും വിലകളിലും നിബന്ധനകളും വ്യവസ്ഥകളും ബാധകമാണെന്നും റിലയൻസ് അധികൃതർ വ്യക്തമാക്കി.

## ഓഫറുകളുമായി ആമസോൺ ഓണം സ്റ്റോർ

**കൊച്ചി:** ഓണം ആഘോഷിക്കുന്നതിനായി ആമസോൺ ഉപഭോക്താക്കൾക്കായി വ്യത്യസ്ത ശേഖരം ഒരുക്കുന്നു. ഓണം സ്റ്റോറിലൂടെ നിരവധി ഓഫറുകൾ ആണ് ആമസോൺ നൽകുന്നത്. പരമ്പരാഗത വസ്ത്രങ്ങൾ, ഇലക്ട്രോണിക്സ്, ഗൃഹോപകരണങ്ങൾ, ഹോം ഡെക്കർ, സൗന്ദര്യ വർധക വസ്തുക്കൾ, ആക്സസറികൾ, പഴങ്ങൾ , പച്ചക്കറികൾ, പൂക്കൾ എന്നിവയും ലഭിക്കും. സ്റ്റോർ 2023 ഓഗസ്റ്റ് 29 വരെ ഉാകും.

എൽജി, വൺപ്ലസ്, സാംസങ്, റെഡ്മി, ബോട്ട്, ഡെൽ, മെയ്ബെലീൻ, സ്വിസ്സ് ബ്യൂട്ടി, ബിബി, ബാറ്റ, ഹാപ്പിലോ, ടാറ്റ സമ്പന്ന് തുടങ്ങിയ ടോപ്പ് ബ്രാൻഡുകളുടെ ഉൽപ്പന്നങ്ങളും ആമസോൺ ഫ്രഷിലൂടെ ശുദ്ധമായ നെയ്യും ബസുമതി അരി തുടങ്ങി വിവിധ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് വലിയ ലാഭത്തോടെ വാങ്ങാൻ കഴിയും. ഇതോടൊപ്പം ആമസോൺ പേ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് വൈവിധ്യമാർന്ന ഓണം ഇഗിഫ്റ്റ് കാർഡ് ശ്രേണി തിരഞ്ഞെടുത്തും ഷോപ്പ് ചെയ്യാവുന്നതാണ്.

## കേരളത്തിൽ രണ്ട് പുതിയ ശാഖകൾ തുറന്ന് ബന്ധൻ ബാങ്ക്



**കൊച്ചി :** ബന്ധൻ ബാങ്ക് തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങലിലും എറണാകുളം ജില്ലയിലെ കൊലഞ്ചേരിയിലും ര് പുതിയ ശാഖകൾ തുറന്നു. ഈ പുതിയ ശാഖകളോടെ രാജ്യത്തുടനീളമുള്ള ശാഖകളുടെ എണ്ണം 1580 ആയി ശ്രീനഗറിലെ മറ്റൊരു ശാഖയ്ക്കൊപ്പം ലേ, ലഡാക്ക് പോലുള്ള ദുഷ്കരമായ ഭൂപ്രദേശങ്ങളിലും ബാങ്ക് ശാഖകൾ തുറന്നുആറ്റിങ്ങലിലെ കച്ചേരി ജംഗ്ഷനിലെ മൂർ കോംപ്ലക്സിലെ ശാഖ പൂജ ഗ്രൂപ്പിലെ ഇക്ബാൽ എസ് ഉത്ഘാടനം ചെയ്തു. കോളാഞ്ചേരിയിലെ സെൻറ് പീറ്റേഴ്സ് കോളേജിന് സമീപമുള്ള പള്ളിമുകളേൽ ബിഎൽഡിങ്ങിലുള്ള ശാഖ കൊലഞ്ചേരി പഞ്ചായത്ത് അംഗം ജിൻസി വര്ഗീസ് ഉത്ഘാടനം ചെയ്തു

# റേഡിയോ സർജറി: എജ്യുക്കേഷണൽ കോഴ്സിന് കൊച്ചി അമൃത ഹോസ്പിറ്റലിൽ തുടക്കം

**കൊച്ചി:** റേഡിയോ സർജറി രംഗത്തെ നൂതന രീതികളെപ്പറ്റി ചർച്ച ചെയ്യുന്ന, ഇന്റർനാഷണൽ സ്റ്റീരിയോടാക്റ്റിക് റേഡിയോ സർജറി സൊസൈറ്റിയുടെ സഹകരണത്തോടെയുള്ള ഇന്ത്യയിലെ ആദ്യത്തെ എജ്യുക്കേഷണൽ കോഴ്സിന് കൊച്ചി അമൃത ആശുപത്രിയിൽ തുടക്കമായി. കൊച്ചി, ഫരീദാബാദ് അമൃത ഹോസ്പിറ്റലുകളുടെ നേതൃത്വത്തിൽ നടത്തുന്ന ത്രിദിന പരിപാടി അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ സൊസൈറ്റി ഓഫ് ന്യൂറോഓങ്കോളജി (ഐഎസ്എൻഒ), കൊച്ചിൻ ഓങ്കോളജി ഗ്രൂപ്പ് (സിഒജി), അസോസിയേഷൻ ഓഫ് റേഡിയേഷൻ ഓങ്കോളജി, ഇന്ത്യ (എആർഒഐ), ന്യൂറോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ (എൻഎസ്ഐ), ഇന്ത്യൻ സൊസൈറ്റി ഓഫ് സ്റ്റീരിയോടാക്റ്റിക് ആൻഡ് ഫങ്ഷണൽ ന്യൂറോ സർജറി (ഐഎസ്എസ്എഫ്എൻ) എന്നിവയുടെ അംഗീകാരത്തോടെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.രാജ്യത്തെ മെഡിക്കൽ പ്രൊഫഷണലുകൾക്കും , മെഡിക്കൽ വിദ്യാർത്ഥികൾക്കുമായി നൂതന കാൻസർ, ട്യൂമർ ചികിത്സാ സൗകര്യങ്ങളും, സൈബർ നൈഫ് പോലുള്ള ലോകോത്തര സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള റേഡിയോ സർജറി, ഓങ്കോളജി മേഖലകളിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങളും പരിചയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. തലച്ചോറിലെയും തലയോട്ടിയിലെയും ട്യൂമറുകൾ, അബ്ഡോമിനൽ ജനിറ്റോയൂറിനറി , ഗൈനക്കോളജിക്കൽ ക്യാൻസർ എന്നിവയുടെ ചികിത്സയിൽ സ്റ്റീരിയോടാക്റ്റിക് സർജറിയുടെ മുന്നേറ്റം 'എന്ന വിഷയത്തിലാണ് ഇത്തവണത്തെ കോഴ്സ് സംഘടിപ്പിച്ചിരിക്കുന്നത്. ഇത്തരം അസുഖങ്ങളുടെ ചികിത്സയ്ക്കുള്ള റേഡിയോ സർജറി, സ്റ്റീരിയോടാക്റ്റിക് റേഡിയോ തെറാപ്പി എന്നിവയെക്കുറിച്ചുള്ള അറിവുകൾ പങ്കുവെയ്ക്കുകയെന്ന ലക്ഷ്യത്തോടെയാണ് ന്യൂറോ സർജൻമാർ, ഓങ്കോളജിസ്റ്റുകൾ, മെഡിക്കൽ വിദ്യാർത്ഥികൾ എന്നിവർക്കായി ഇത്തരമൊരു പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.റേഡിയോസർജറിയെപ്പറ്റിയുള്ള ഗവേഷണങ്ങൾക്ക് തുടക്കമിട്ടത് പ്രധാനമായും വിദേശത്തുള്ള അന്താരാഷ്ട്ര കേന്ദ്രങ്ങളിലാണ്. കുറഞ്ഞ ചികിത്സാ കാലയളവാണ് റേഡിയോ സർജറിക്ക് പ്രചാരമേറാൻ കാരണം. ചില കേസുകളിൽ ആറ് ആഴ്ചയ്ക്കുള്ളിൽ രോഗികൾക്ക് സൗഖ്യം പ്രദാനം ചെയ്യാൻ ഈ ചികിത്സാരീതിയിലൂടെ സാധിക്കുന്നതാണ്. സാധാരണഗതിയിൽ ഉയർന്ന വരുമാനക്കാരാണ് റേഡിയോ സർജറി ചികിത്സ സാധാരണയായി തിരഞ്ഞെടുക്കാറുള്ളത് എന്നത് ഇതിന്റെ ചിലവ് കൂടുതലാകും എന്നൊരു ധാരണയ്ക്ക് ഇടയാക്കിയിരുന്നു. ഇത്രയും വേഗത്തിൽ രോഗമുക്തി ലഭിക്കുന്നതിനാൽ ചിലവേറുമെന്ന തോന്നലിലേക്കും നയിച്ചു. എന്നാൽ അമൃത ആശുപത്രിയടക്കം ഇന്ത്യയിൽ നടത്തിയ പഠനങ്ങൾ ഈ ധാരണകൾക്കൊന്നും അടിസ്ഥാനമില്ലെന്ന് തെളിയിച്ചു. ഇത്തരം ചികിത്സ രോഗികളുടെ ചികിത്സയിൽ വളരെയധികം മാറ്റങ്ങളുാക്കിയതായും അവർക്ക് മികച്ച ആരോഗ്യത്തോടെയുള്ള ജീവിതം ലഭ്യമാക്കുന്നതായും പഠനത്തിൽ കത്തെി. വിദേശരാജ്യങ്ങളിലേതു പോലെ ഇന്ത്യയിലും റേഡിയോസർജറിക്ക് പ്രാധാന്യമുന്നൊണ് ഈ പഠനത്തിലൂടെ തെളിഞ്ഞു.അമൃത ആശുപത്രി നടത്തിയ ഒരു പഠനത്തിൽ 138 ബ്രെയിൻ ട്യൂമർ രോഗികളിലെ 251 മുറിവുകളിൽ മുഴുവനായുള്ള ബ്രെയിൻ റേഡിയോ തെറാപ്പി ഒഴിവാക്കി പ്രത്യേകമായ റേഡിയോ സർജറി ചികിത്സ നടത്തിയപ്പോൾ 15 മാസത്തെ ശരാശരി കാലയളവിനുള്ളിൽ 60 ശതമാനം രോഗികളിലും 12 മാസത്തിനുള്ളിൽ മസ്തിഷ്കത്തിലെ മുറിവുകൾ നിയന്ത്രിതമായതായി കത്തെി. ബാക്കി 30 ശതമാനം പേരിൽ 24 മാസങ്ങൾക്കുള്ളിലും ഇത് നിയന്ത്രിതമായി. 9% രോഗികളിൽ മാത്രമേ ഇത് പ്രതികൂലമായി കാണപ്പെട്ടുള്ളൂ. ഈ പഠനങ്ങൾ ഇന്ത്യയിലെ രോഗികൾക്ക് ഏറ്റവും സാധുതയുള്ളതും സാധാരണവുമായ ഒരു ചികിത്സാ മാർഗമായി സ്റ്റീരിയോടാക്റ്റിക് റേഡിയോ സർജറിയെ ചൂിക്കാട്ടുന്നുവെന്ന് കൊച്ചി അമൃത ഹോസ്പിറ്റലിലെ റേഡിയേഷൻ ഓങ്കോളജി വിഭാഗം പ്രൊഫസറും മേധാവിയുമായ ഡോ. ദേബ്നാരായൺ ദത്ത പറഞ്ഞു,ബ്രെയിൻ മെറ്റാസ്റ്റാസിസ്, ലിവർ ട്യൂമർ തുടങ്ങിയ അവസ്ഥകളുള്ള രോഗികളിൽ ഞങ്ങൾ നടത്തിയ ഗവേഷണങ്ങളിലും പഠനങ്ങളിലും പാശ്ചാത്യരാജ്യങ്ങൾക്ക് സമാനമായ ചികിത്സകൾ ഇന്ത്യയിലും രോഗികൾ തിരഞ്ഞെടുക്കുന്നതായി കത്തെി. ഇന്ത്യയിലെ രോഗികളിൽ ഒന്നിലധികം ബ്രെയിൻ കാൻസറുകൾ സാധാരണമാണ്. യുവാക്കളായ രോഗികളിലാകട്ടെ പാശ്ചാത്യ രാജ്യങ്ങളിലേതു പോലെ മസ്തിഷ്കകാൻസർ വ്യാപനമുന്നെ് ചെന്നൈ അപ്പോളോ പ്രോട്ടോൺ കാൻസർ സെന്ററിലെ റേഡിയേഷൻ ഓങ്കോളജി വിഭാഗം പ്രൊഫസർ രാകേഷ് ജലാലി പറഞ്ഞു. ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ കുറഞ്ഞ ചികിത്സാ കാലയളവും ചെലവും കാരണം റേഡിയോ സർജറികൾ പ്രാപ്യമാകില്ല എന്ന മുൻധാരണയുായിരുന്നു. എന്നാൽ ഇന്ത്യയിൽ നടത്തിയ ഗവേഷണങ്ങൾ ഇത്തരം ധാരണകൾ ശരിയല്ലെന്ന് തെളിയിച്ചു. വിദേശരാജ്യങ്ങളിലേതു പോലെ റേഡിയോ സർജറിക്ക് ഇന്ത്യയിലും പ്രാധാന്യമുന്നൊണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ചികിത്സയുടെ ഗുണനിലവാരം, ഫലപ്രാപ്തി എന്നിവയാണ് റേഡിയോ സർജറിയിൽ പ്രതിഫലിക്കുന്നത്.ജപ്പാനിലെ ടോക്കിയോ വിമൻസ് മെഡിക്കൽ യൂണിവേഴ്സിറ്റി അഡാച്ചി മെഡിക്കൽ സെന്ററിലെ ന്യൂറോ സർജറി വിഭാഗത്തിൽ നിന്നുള്ള ഡോ. മിഖായേൽ ചെർനോവ് പറഞ്ഞു.




# സിനിമ, വെബ്സീരീസ് ജോലി സാധ്യത; ഏകദിന സെമിനാർ



**കൊച്ചി:** സിനിമ വെബ്സീരീസ് പോലുള്ള കലാ സാംസ്കാരിക മേഖലയിലെ ജോലി സാധ്യതകളുടെ ഭാഗമായി കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കമ്മ്യൂണിറ്റി സ്കിൽ ഡെവലപ്മെന്റ് കേന്ദ്രമായ അസാപ് എറണാകുളം ഘടകം ഈ മേഖലയിലെ വിവിധ കോഴ്സുകളിൽ പ്രായോഗിക പരിശീലനം അടിസ്ഥാനമാക്കി ശില്പശാല നടത്തും. സെപ്റ്റംബർ 9 നു രാവിലെ 10 മുതൽ വൈകിട്ട് 4 വരെ കളമശ്ശേരി മെഡിക്കൽ കോളേജിന് എതിർ വശത്തുള്ള അസാപ് കാമ്പസിലാണ് എകദിന ശിൽപശാല സംഘടിപ്പിക്കുന്നത്. അഭിനയം, സംവിധാനം, സ്ക്രിപ്റ്റ് റൈറ്റിങ്, ഛായാഗ്രഹണം, ഫിലിം എഡിറ്റിങ്, വിഷൽ എഫ്ഫക്ട്സ്, സൗണ്ട് എഞ്ചിനീയറിങ് തുടങ്ങിയ മേഖലയിൽ ഉൾപ്പെടുന്ന വിദഗ്ധർ ക്ളാസുകൾ നയിക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്ക് സൗജന്യ പ്രവേശനമാണ്. കേരളത്തിലെ പ്രമുഖ ഫിലിം അക്കാദമിയായ ലുമിനാർ ഫിലിം അക്കാദമിയുടെ സഹകരണത്തോടെയാണ് ക്ളാസുകൾ സംഘടിപ്പിക്കുന്നത്. രജിസ്ട്രേഷനായി 9995618202/9495219570 എന്ന നമ്പറിൽ ബന്ധപ്പെടുക.

# സൂപ്പർബോട്ടംസ് 5 ദശലക്ഷം ഡോളർ സമാഹരിച്ചു

**കൊച്ചി:** സുസ്ഥിര ബേബി ആൻഡ് മോം കെയർ ബ്രാൻഡായ സൂപ്പർബോട്ടംസ് സീരീസ് എ1 ഫണ്ടിങിലൂടെ 5 ദശലക്ഷം ഡോളർ സമാഹരിച്ചു. വിപുലമായ വിഭാഗം ഉപഭോക്താക്കളിലേക്ക് എത്താൻ ഉൽപന്ന നിര വൈവിധ്യവൽക്കരിക്കാനാണ് ഇതിലൂടെയുള്ള നിക്ഷേപങ്ങൾ വഴി ലക്ഷ്യമിടുന്നത്. ലോക് ക്യാപിറ്റലും ഷാർപ് വെഞ്ചേഴ്സുമാണ് സീരീസ് എ1 ഫണ്ടിങിന് നേതൃത്വം നൽകിയത്.രക്ഷിതാക്കളുടെ സമൂഹത്തിൽ നിന്നു തങ്ങൾക്ക് മികച്ച പിന്തുണയാണു ലഭിച്ച് വരുന്നതെന്ന് സൂപ്പർ ബോട്ടംസ് സ്ഥാപക പല്ലവി ഉതഗി പറഞ്ഞു. ലോക് കാപിറ്റൽ, ഷാർപ് വെഞ്ചേഴ്സ്, ഡിഎസ്ജി കൺസ്യൂമർ പാർട്ട്ണേഴ്സ്, സാമ കാപിറ്റൽ തുടങ്ങിയ കൺസ്യൂമർ ഓറിയൻറഡ് നിക്ഷേപകരുമായി സഹകരിക്കാനായതിൽ സന്തോഷമുണ്ടെന്നും അവർ പറഞ്ഞു.016ൽ പല്ലവി ഉതഗി സ്ഥാപിച്ച സൂപ്പർബോട്ടംസ് ബേബി ആൻഡ് മോം കെയർ വിഭാഗത്തിൽ സുസ്ഥിരതയോടെയുള്ള നീക്കങ്ങളോടെ തങ്ങളുടേതായ അംഗീകാരം നേടിയെടുക്കുകയായിരുന്നു.

